
www.malankaralibrary.com

# മലങ്കര ആരാധനക്രമം



പാസ്റ്ററൽ എഡ്യുക്കേഷൻ സെൻറർ
തിരുവനന്തപുരം — 695 003

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# മലങ്കര ആരാധനക്രമം

തയ്യാറാക്കിയത്

ഫാദർ തോമസ് പണിക്കർ പി. ജി.

Approved by
His Grace the Archbishop of Trivandrum.

*Published by*

**Pastoral Education Centre**
**Trivandrum-695003**

**1989**

*Printed at*
*St. Mary's Press, Pattom, Trivandrum-4.*

www.malankaralibrary.com

## ഉള്ളടക്കം


| | | |
|---|---|---|
| | അവതാരിക | i |
| 1 | ആരാധനക്രമം | 1 |
| 2 | രക്ഷാകരചരിത്രവും ആരാധനക്രമവും | 4 |
| 3 | അന്ത്യോക്യൻ ആരാധനക്രമം | 11 |
| 4 | പ്രതീകങ്ങൾ | 21 |
| 5 | ആരാധനക്രമവത്സരം | 33 |
| | സുറിയാനിപദങ്ങളുടെ അർത്ഥം. | 43 |

www.malankaralibrary.com

# അവതാരിക

വിശ്വാസ പരിശീലനമാണ് മതബോധനമെങ്കിൽ വിശ്വാസാനുഭവത്തിന്റെ ആഘോഷമാണ് 'ആരാധന ക്രമം' അഥവാ 'ലിററർജി'. സഭ ഒരു ആരാധന സമൂഹമാണ്. മലങ്കര സഭയെ സംബന്ധിച്ചിടത്തോളം ഇത് ഏററം അന്വർത്ഥമാണ്. ആദിമക്രൈസ്തവസമൂഹം രൂപം പ്രാപിച്ചതും വളർന്ന് വന്നതും ഒരു ആരാധന സമൂഹമായിട്ടാണ്. ഒരു സമൂഹത്തിന്റെ വിശ്വാസപ്രകടനമാണ് ആരാധനാജീവിതം. ആരാധന ജീവിതത്തിലൂടെ വിശ്വാസ സമൂഹം രൂപീകൃതമാകുന്നു; വളർത്തപ്പെടുന്നു; പരിപോഷിപ്പിക്കപ്പെടുന്നു. "ക്രൈസ്തവ ജീവിതം ആരാധനാധിഷ്ഠിത" മായിരിക്കണമെന്ന് വത്തിക്കാൻ സുന്നഹദോസ് ഊന്നിപ്പറയുന്നു.

മതബോധനം ലക്ഷ്യം വയ്ക്കുന്ന വിശ്വാസപരിശീലനം സാധിതമാകേണ്ടത് ആരാധാനാധിഷ്ഠിത ജീവിതത്തിലൂടെയാണ്. മതബോധനം ബൗദ്ധികതലത്തിൽ നിന്നും ആരാധന ജീവിതത്തിലേക്ക് ഇറങ്ങി ചെല്ലാനും അവിടെ വാക്കുകളിലൂടെ, അടയാളങ്ങളിലൂടെ പ്രതീകങ്ങളിലൂടെ, കർമ്മാനുഷ്ഠാനങ്ങളിലുടെ വിശ്വാസം പ്രകടമാകുന്നു. ബോധപൂർവ്വമായും സജീവമായും ആരാധനയിൽ പങ്കുകൊള്ളണമെങ്കിൽ ആരാധനയുടെ അർത്ഥത്തെപ്പററി, ക്രമീകരണത്തെപ്പററി അതിൽ ഉപയോഗിക്കുന്ന അടയാളങ്ങളെപ്പററി സാമാന്യമായ അറിവ് ഉണ്ടായിരിക്കണം. അല്ലെങ്കിൽ ആരാധന അരോചകമായും, വിരസമായും, അർത്ഥശൂന്യമായും അനുഭവപ്പെടും. സജീവവും ഫലദായകവുമായ തിരുക്കർമ്മോന്മുഖ ജീവിതത്തിന് "മലങ്കര ആരാധന ക്രമ"ത്തിന്റെ പഠനം സഹായകരമാകും. മലങ്കര ആരാധന

www.malankaralibrary.com



ക്രമത്തെ സംബന്ധിച്ച് ആഴമായതോ ആധികാരികമായതോ ആയ ഒരു പഠനമല്ല ഇത്. ആരാധനാനുഭവത്തിലേക്ക് അനുവാചകരെ ആനയിക്കുന്നതിനുള്ള ഒരു ചൂണ്ടു പലകമാത്രം.

പരേതനായ ബഹു. കാരിച്ചാൽ ഗീവറുഗീസ് പണിക്കരച്ചൻ തയ്യാറാക്കിയ കുറിപ്പുകളെ ആധാരമാക്കി അദ്ദേഹത്തിൻെറ മകൻ ബഹു. തോമസ് പണിക്കരച്ചൻ തയ്യാറാക്കിയതാണ് ഇതിലെ ഉള്ളടക്കം. അദ്ദേഹം പ്രസിദ്ധീകരിച്ച "മലങ്കര കുർബാന തീർത്ഥാടക സഭയിൽ" (രണ്ടു വാല്യങ്ങൾ) എന്ന പുസ്തകങ്ങളുടെ വായനയും പഠനവും കൂടുതൽ ആഴമായ ആരാധനാനുഭവത്തിലേക്കു നയിക്കുമെന്നുള്ളത് തീർച്ച. ബഹുവിധ ജോലിത്തിരക്കിനിടയിൽ ഈ ചെറുഗ്രന്ഥം തയ്യാറാക്കി തന്ന ബഹു. പണിക്കരച്ചന് കൃതജ്ഞതയുടെ പൂചെണ്ടുകൾ! ഇതിൻെറ കൈയെഴുത്തുപ്രതി വായിച്ചുനോക്കി പ്രസിദ്ധീകരണാനുമതി നല്കിയ അഭിവന്ദ്യ ഗ്രീഗോറിയോസ് പിതാവിനോടുള്ള നന്ദി രേഖപ്പെടുത്തികൊള്ളുന്നു. ഈ പുസ്തകം പ്രസാധനം ചെയ്യുന്നതിന് സഹായിച്ച എല്ലാവർക്കും സ്നേഹം നിറഞ്ഞ കൃതജ്ഞതയുടെ കൂപ്പുകൈ.

അതിരൂപതയിലെ സൺഡേസ്കൂൾ പത്താം ക്ലാസ്സിലെ രണ്ടാം ഉപപാഠം പുസ്തകമായി 'മലങ്കര ആരാധക്രമം' ഉപയോഗിക്കേണ്ടതാണ്.

പ്രസാധകൻ

ഫാദർ ഗീവറുഗീസ് പെരുമല

മതബോധന ഡയറക്ടർ

www.malankaralibrary.com

# I

# ആരാധനക്രമം

## ആമുഖം

ഒരു ഉദ്യാനത്തിന് ഭംഗി വർദ്ധിപ്പിക്കുന്നത് അതിൽ വിടർന്നുനിൽക്കുന്ന പുഷ്പങ്ങളാണ്. ഒരേ നിറത്തിലുള്ള പുഷ്പങ്ങളാണ് തോട്ടത്തിലുള്ളതെങ്കിൽ ആ തോട്ടം അത്ര മനോഹരമായിരിക്കില്ല. പല നിറത്തിലും തരത്തിലുമുള്ള പുഷ്പങ്ങളും ഇലകളും ഉദ്യാനത്തെ ആകർഷകമാക്കുന്നു. കത്തോലിക്കാസഭയും ഒരു പൂന്തോട്ടമാണ്. അതിലെ വിവിധ ആരാധനക്രമങ്ങൾ വിവിധ വർണ്ണങ്ങളുള്ള പുഷ്പങ്ങളും. അവ ക്രിസ്തുവിന്റെ സഭയെ മനോഹരമാക്കുന്നു. മഴവില്ല് എത്ര മനോഹരമാണ്! സൂര്യപ്രകാശം മഴത്തുള്ളികളിലൂടെ കടന്നുവരുമ്പോൾ ഉണ്ടാകുന്ന ആ വർണ്ണരാജി കണ്ണുകൾക്ക് കുളിർമ നൽകുന്നു. സഭയിലെ വിവിധ ആരാധനക്രമങ്ങൾ മഴവില്ലിലെ മനോഹരങ്ങളായ നിറങ്ങൾ പോലെയാണ്. അവ ക്രിസ്തുവിന്റെ മണവാട്ടിയുടെ സൗന്ദര്യം വർദ്ധിപ്പിക്കുന്നു.

## വൈവിദ്ധ്യത്തിൽ ഏകത്വം

ക്രിസ്തുവിന്റെ സഭ ഏകമാണെന്നത് ശരിതന്നെ. എന്നാൽ ഈ സഭ വിവിധ പ്രാദേശികസഭകളുടെ കൂട്ടായ്മയാണ്. അങ്ങനെയാണ് തിരുസഭ രൂപംകൊണ്ട

www.malankaralibrary.com



തുതന്നെ. ഒരു ക്രൈസ്തവസമൂഹത്തിന്റെ ക്രിസ്തുാനുഭവമാണ് ഓരോ പ്രാദേശികസഭയുടെയും ഉത്ഭവാടിസ്ഥാനം. ഈ ക്രിസ്തുാനുഭവത്തിന്റെ ആവിഷ്ക്കാരമാണ് ആരാധനക്രമം. അതുകൊണ്ട് ഏകമായ സഭയിൽ വിവിധങ്ങളായ ആരാധനക്രമങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്.

"അതിനാൽ വിവിധത്വം സഭയുടെഐക്യത്തെ തകർക്കുകയല്ല, പ്രത്യുത പ്രത്യക്ഷമാക്കുകയാണ് ചെയ്യുന്നത്'" (രണ്ടാം വത്തിക്കാൻ കൗൺസിൽ പൗരസ്ത്യ സഭകൾ-2). എല്ലാസഭകൾക്കും തുല്യപദവിയാണുള്ളത്. റീത്തിന്റെ ന്യായത്താൽ ഒന്നു മറ്റൊന്നിന്റെ മുമ്പിലല്ല. എല്ലാ സഭകൾക്കും ഒരേ അവകാശങ്ങളും ഒരേ ഉത്തരവാദിത്വങ്ങളുമാണുള്ളത് (പൗരസ്ത്യസഭകൾ-3).

ഒരേ സംഭവം തന്നെ പല വ്യക്തികൾ പല വിധത്തിലായിരിക്കുമല്ലൊ സ്വാംശീകരിക്കുക. അത് പുനരവതരിപ്പിക്കുന്നതും പല വിധത്തിലായിരിക്കും. ക്രിസ്തു സംഭവത്തിന്റെ അനുഭവവും ആവിഷ്കാരവും കൈമാറലും ചരിത്രത്തിൽ നടന്നിരിക്കുന്നത് ഇപ്രകാരമാണ്. നാലു സുവിശേഷകരും ഒരേ ക്രിസ്തുസംഭവത്തിന്റെ സാക്ഷികളാണ്. എന്നാൽ നാലുപേരുടെയും അനുഭവങ്ങൾ വ്യത്യസ്തങ്ങളാണ്. അങ്ങനെയാണ് നാലു സുവിശേഷങ്ങൾ നമുക്കു ലഭിച്ചിരിക്കുന്നത്. ഒരേ ക്രിസ്തുസംഭവത്തിന്റെ തന്നെ നാലുതരത്തിലുള്ള അനുഭവാവിഷ്കരണമാണ് നാലു സുവിശേഷങ്ങൾ.

വിവിധ പ്രാദേശികസഭകളും രൂപം കൊണ്ടത് ഇങ്ങനെതന്നെ. അപ്പസ്തോലന്മാരും അവരുടെ പിൻ

www.malankaralibrary.com



ഗാമികളും തങ്ങൾക്കുണ്ടായ ക്രിസ്ത്വാനുഭവം തങ്ങളുടേതായ പ്രത്യേകതകളോടുകൂടി വിവിധ സമൂഹങ്ങൾക്ക് പകർന്നുകൊടുത്തു. അങ്ങനെ വിവിധ സ്ഥലങ്ങളിൽ ക്രൈസ്തവസമൂഹങ്ങൾ രൂപം കൊണ്ടു. അതതു സ്ഥലത്തെ സംസ്ക്കാരങ്ങളും പ്രത്യേകതകളും ഉൾക്കൊണ്ട് അവ വളർന്നുവന്നു. ഇപ്രകാരം പുഷ്ടിപ്പെട്ട ക്രൈസ്തവസമൂഹങ്ങളാണ് പ്രാദേശികസഭകളായി വളർച്ച പ്രാപിച്ചത്. ഇങ്ങനെ രൂപം കൊണ്ട പ്രാദേശികസഭകളുടെ കൂട്ടായ്മാണ് തിരുസഭ. ഓരോ പ്രാദേശികസഭയും അതുൾക്കൊണ്ട ക്രിസ്ത്വാനുഭവത്തെ സ്വന്തം രീതിയിൽ ആവിഷ്കരിച്ച് തനതായ ആരാധനക്രമത്തിനു രൂപംകൊടുത്തു. അങ്ങനെ സഭയിൽ വിവിധ ആരാധനക്രമങ്ങളുണ്ടായി. എന്നാൽ എല്ലാ പ്രാദേശികസഭകളും സ്വന്തമായ ആരാധനക്രമങ്ങൾക്ക് രൂപം കൊടുത്തില്ല. ചില സഭകൾ കൂടുതൽ വളർന്നവയും തങ്ങളോട് പല തരത്തിൽ ബന്ധപ്പെട്ടവയുമായ ഇതരസഭകളുടെ ആരാധനക്രമം തന്നെ സ്വീകരിക്കുകയുണ്ടായി. അങ്ങനെയാണ് കേരളത്തിലെ സഭ ആദ്യനൂററാണ്ടുകളിൽ കൽദായ സുറിയാനി സഭയുടെ ആരാധനക്രമം സ്വീകരിച്ചത്. പിൽക്കാലത്ത് ചില പ്രത്യേകസാഹചര്യത്തിൽ അന്ത്യോക്യൻ ആരാധനക്രമം സ്വീകരിച്ചതും അതേ കാരണത്താലാണ്.

രീതി എന്നർത്ഥമുള്ള 'റീത്തൂസ്' എന്ന ലത്തീൻ പദത്തിൽനിന്നാണ് 'റീത്ത്' എന്ന പദമുണ്ടായത്. ആരാധനക്രമം റീത്തിൻെറ ഏററം പ്രധാനപ്പെട്ട ഘടകമാണ്. രണ്ടാം വത്തിക്കാൻകൗൺസിൽ റീത്ത് എന്ന പദത്തിന് 'സഭ' എന്ന വിപുലമായ അർത്ഥമാണ് കൊടുക്കുന്നത്. മലങ്കര സുറിയാനി റീത്ത് എന്നു പറഞ്ഞാൽ മലങ്കരസുറിയാനി സഭ എന്നാണർത്ഥം.

www.malankaralibrary.com

# II

## രക്ഷാകരചരിത്രവും ആരാധനക്രമവും

മനോഹരമായ ഈ പ്രപഞ്ചത്തെയും അതിന്റെ മകുടവും കേന്ദ്രവുമായ മനുഷ്യനെയും മഹത്വത്തിലേക്ക് ആനയിക്കുന്നതിനുള്ള ദൈവത്തിന്റെ പദ്ധതിയാണ് രക്ഷാകരചരിത്രം; വിസ്മയാവഹമായ ദൈവപരിപാലനയുടെ ചരിത്രവും ദൈവത്തിൽ നിഗൂഢമായിരിക്കുന്ന രഹസ്യവുമാണിത്. ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല (1 കോരി. 2: 9). പ്രപഞ്ചത്തെയും മനുഷ്യനെയും സംബന്ധിച്ചുള്ള പിതാവായ ദൈവത്തിന്റെ പദ്ധതിയുടെ പടിപടിയായുള്ള പ്രകാശനമാണ് നമ്മുടെ പരിത്രാണനത്തിന്റെ രഹസ്യം. നമ്മോടുള്ള ദൈവത്തിന്റെ പ്രത്യക്ഷവൽക്കരണമാണത്, അഥവാ ദൈവത്തിന്റെ വിജ്ഞാനവും വെളിപ്പെടുത്തലും (1 കോരി. 2; 7-12). അനാദികാലം മുതൽ പിതാവായ ദൈവത്തിൽ നിഗൂഢമായി സൂക്ഷിച്ചിരുന്ന രഹസ്യമാണത്, ഈ രഹസ്യത്തെ ആദാംമുതൽ മോശവരെയും മോശ മുതൽ ക്രിസ്തുവരെയും മനുഷ്യചരിത്രത്തിലിടപെട്ടുകൊണ്ട് ചരിത്രസംഭവങ്ങളിലൂടെ ദൈവം അല്പാല്പമായി വെളിപ്പെടുത്തിക്കൊണ്ടിരുന്നു.

ഈ വെളിപാടിന്റെ പൂർണ്ണത ക്രിസ്തു സംഭവത്തിലാണ് കാണുന്നത് (എഫേ. 3, 9-11). അങ്ങനെ രക്ഷണീയപദ്ധതി മുഴുവൻ ക്രിസ്തുവിൽ കേന്ദ്രീ

www.malankaralibrary.com



കൃതമായിരിക്കുന്നു. രക്ഷാകരചരിത്രത്തിന്റെ കേന്ദ്രമായ ക്രിസ്തുവിന്റെ മനുഷ്യാവതാരം, പരസ്യജീവിതം, പീഡാനുഭവം, മരണം, ഉത്ഥാനം, സ്വർഗ്ഗാരോഹണം, പരിശുദ്ധാത്മാവിന്റെ ആവാസം എന്നിവയാണ് രക്ഷാകരചരിത്രത്തിലെ സുപ്രധാനസംഭവങ്ങൾ. ഈ ക്രിസ്തുസംഭവത്തിലൂടെ മനുഷ്യരക്ഷ വസ്തുനിഷ്ഠമായി സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു. പക്ഷേ ഈ രക്ഷ ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനംവരെയുള്ള സകല മനുഷ്യരും സ്വായത്തമാക്കണം അതിന് ക്രിസ്തുസംഭവത്തിൽ ഓരോ മനുഷ്യനും പങ്കുചേരേണ്ടതുണ്ട്. അതിനുവേണ്ടിയാണ് ക്രിസ്തു തന്റെ തുടർച്ചയായി സഭയെ സ്ഥാപിച്ചത്. സകലവും പൂർത്തിയാക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിലൂടെ അവിടുന്ന് രക്ഷാകരകർമ്മം തുടർന്നുകൊണ്ടിരിക്കുന്നു. രക്ഷാകരചരിത്രത്തിന്റെ കൗദാശിക പുനരവതരണമായ സഭയുടെ ആരാധനക്രമത്തിൽ ഭാഗഭാക്കായിക്കൊണ്ട് ക്രിസ്തു സാധിച്ച രക്ഷ നമ്മൾ സ്വന്തമാക്കുന്നു.

പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ ക്രിസ്തുവിന്റെ പ്രവൃത്തികൾ രക്ഷകനായ ദൈവത്തിന്റെ സ്നേഹത്തെ കാണിക്കുന്നു. അതേസമയം ആ പ്രവൃത്തികൾ മനുഷ്യനെന്ന നിലയിൽ ദൈവത്തിന്റെ സ്നേഹത്തിനു കൊടുക്കുന്ന പൂർണ്ണമായ പ്രത്യുത്തരംകൂടിയാണ്. ക്രിസ്തുവിന്റെ രക്ഷാകരവ്യാപാരങ്ങൾ മനുഷ്യരുടെ രക്ഷ ആയിരിക്കുന്നതുപോലെ ദൈവത്തിനർപ്പിക്കുന്ന ആരാധനയുമാണ്.

തികച്ചും സ്വാഭാവികമായിതന്നെ ദൈവാരാധനയുടെ ചൈതന്യം മനുഷ്യനിൽ അന്തർലീനമായിരിക്കു

www.malankaralibrary.com



ന്നു. അത്യുന്നതനായ ദൈവത്തിനു മഹത്വവും സ്തുതിയും ആരാധനയും കൃതജ്ഞതയും സമർപ്പിക്കുകയത്രേ മനുഷ്യൻെറ ഏററവും പരിപാവനമായ കർത്തവ്യം. ദൈവത്തിനു കടപ്പെട്ട പരസ്യാരാധന നടത്തുന്നതിനു മനുഷ്യൻ വിമുഖത കാണിക്കുന്നു. ദൈവത്തിൻെറ അനന്തസ്നേഹത്തിന് പ്രത്യുത്തരം നൽകാതിരിക്കുന്നതാംനത്. അങ്ങനെ സ്നേഹംതന്നെയായ ദൈവത്തിൽ നിന്നും അകന്ന് മനുഷ്യൻ സ്നേഹവിരുദ്ധപ്രവണതകളായ അസൂയ, അനീതി, അധാർമ്മികത, അസത്യം, അഹന്ത, അത്യാഗ്രഹം, വിദ്വേഷം എന്നിവയ്ക്കെല്ലാം ഇരയായിത്തീർന്നു.

ഈ നിസ്സഹായാവസ്ഥയിൽ പരമകാരുണികനായ ദൈവം മനുഷ്യനെ നിശ്ശേഷം കൈവെടിഞ്ഞില്ല. ഏദൻ തോട്ടത്തിൽ വച്ചുതന്നെ അവിടുന്ന് ഒരു പരിത്രാതാവിനെ വാഗ്ദാനം ചെയ്തിരുന്നു (ഉല്പ. 3, 15). പാപാവസ്ഥയിൽ അമർന്നുപോയ മനുഷ്യന് ആദിമ പരിശുദ്ധിയിലേക്ക് കരേററുവാൻ സ്വയമേ അസാദ്ധ്യമായിരുന്നതിനാൽ, ദൈവം തൻെറ ഏകജാതനെത്തന്നെ അതിനായി നിയോഗിച്ചു (യോഹ. 3, 16). മനുഷ്യാവതാരം ചെയ്ത ദൈവപുത്രനായ ക്രിസ്തു, പിതാവിൻെറ ഇഷ്ടത്തിനു പരിപൂർണ്ണമായും വിധേനായിക്കൊണ്ട് ദൈവത്തിന് പരിപൂർണ്ണമായ മഹത്വം നല്കി, അങ്ങനെ മനുഷ്യനു നഷ്ടപ്പെട്ടുപോയ ദൈവികജീവൻ തിരികെക്കൊടുത്ത് രക്ഷാകരകർമ്മം പൂർത്തിയാക്കി. ഉത്ഥാനത്തോടെ ക്രിസ്തുവിൻെറ ജീവിതബലി നിത്യബലിയായിത്തീരുകയും സ്വർഗ്ഗത്തിൽ ദൈവത്തെ നിത്യം മഹത്വപ്പെടുത്തുകയും ചെയ്യുന്നു. പുത്രനായ ക്രിസ്തു സ്വർഗ്ഗത്തിൽ നിരന്തരം

www.malankaralibrary.com



പിതാവിനർപ്പിക്കുന്ന ആരാധനയാണ് സ്വർഗ്ഗീയാരാധന (ഹെബ്ര. 7, 23-28). ''സ്വർഗ്ഗീയ ജറുസലേമിൽ ആചരിക്കപ്പെടുന്ന ആ ആരാധനക്രമത്തിന്റെ ഒരു മുന്നാസ്വാദനമത്രെ ഈ ഭൗമികമായ ആരാധനക്രമത്തിൽ നമുക്ക് കൈവരുന്നത്. ആ വിശുദ്ധ നഗരമാണ് തീർത്ഥാടകരായ നമ്മുടെ യാത്രാലക്ഷ്യം. അവിടെയാണ് വിശുദ്ധ സ്ഥലത്തിന്റെയും സാക്ഷാൽ ആരാധനസ്ഥലമായ കൂടാരത്തിന്റെയും ആചാര്യനായ ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്തിരിക്കുന്നത്.'' (രണ്ടാംവത്തിക്കാൻ കൗൺസിൽ, ആരാധനക്രമം-8 cfr. ഹെബ്രാ. 8, 2; വെളി. 21, 2).

ക്രിസ്തു പരമപിതാവിന് നിത്യംഅർപ്പിച്ചുകൊണ്ടിരിക്കുന്ന ഏററം മഹത്തായ ഈ ആരാധനകർമ്മത്തിൽ പങ്കാളിയാകുവാൻ തന്റെ മണവാട്ടിയും മൗതികശരീരവുമായ തിരുസഭയെ വിളിച്ചിരിക്കുകയാണ്. ഈ ആഹ്വാനത്തിന് തിരുസഭ നൽകുന്ന പ്രത്യുത്തരമാണ് സഭയുടെ ആരാധനക്രമം. വിശ്വാസികളുടെ സമൂഹമെന്ന നിലയിൽ സഭയുടെ ക്രിസ്തവാനുഭവത്തിന്റെ പ്രകാശനമാണത്. ദൈവത്തെ അനുഭവിക്കാതെ അവിടുത്തെ ആരാധിക്കാൻ സാധിക്കയില്ല. ആരാധനയിൽ കുതിർന്ന രക്ഷാകരമായ അനുഭവത്തിൽ നിന്നു മാത്രമെ പ്രേഷിതസാക്ഷ്യം വഹിക്കാനും കഴിയൂ (യോഹ. 4, 1-42). ക്രിസ്തു രക്ഷകനും കർത്താവുമാണെന്ന ആത്മീയാനുഭവം ലഭിക്കാത്തവർക്കു ആരാധന ആവർത്തനവിരസമായും ദൈർഘ്യമേറിയതായും പഴഞ്ചനായുമൊക്കെ അനുഭവപ്പെടും. രക്ഷയുടെ അനുഭവത്തിലേക്ക് കടന്നവർക്കാകട്ടെ 'കർത്താവേ നാം ഇവിടെ ആയിരിക്കുന്നത് നല്ലതാകുന്നു''എന്ന് പത്രോസിനോ

www.malankaralibrary.com



ടുകൂടി ഏററുപറയാനും സാധിക്കുന്നു (മത്താ. 17, 4). ദൈവമാണ് മനുഷ്യനെ ആരാധനയിലേക്ക് ക്ഷണിക്കുന്നത്. അവിടുന്നാഗ്രഹിക്കുന്ന വിധത്തിലാണ് മനുഷ്യൻ അവിടുത്തെ മുൻപിൽ വ്യാപരിക്കേണ്ടത്. മനുഷ്യൻെറ വൈകാരികമായ ഇഷ്ടാനിഷ്ടങ്ങളോ ഉപരിപ്ലവമായ തോന്നലുകളോ അല്ല ആരാധനയുടെ രൂപവും ക്രമവും നിശ്ചയിക്കേണ്ടത്.

അരൂപിയും അപരിമേയനുമായ ദൈവത്തിന് നേരിട്ട് ആരാധന സമർപ്പിക്കുവാൻ പരിമിതനായ മനുഷ്യന് ഈ ലോകത്തിലായിരിക്കുന്നിടത്തോളം കാലം സാധിക്കുകയില്ല. അതുകൊണ്ട് ക്രിസ്തു ജീവദായകനായ പരിശുദ്ധാത്മാവിനെ സ്വശിഷ്യരിലേക്ക് അയയ്ക്കുകയും ആ അരൂപിവഴി തൻെറ മൗതികശരീരമായ സഭയെ രക്ഷയുടെ സാർവ്വത്രികകൂദാശയായി സ്ഥാപിക്കുകയും ചെയ്തത്. അങ്ങനെ ക്രിസ്തുവിൽ സമാരംഭിച്ച രക്ഷാകരകർമ്മം പരിശുദ്ധാത്മാവുവഴി സഭയിൽ അനസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നു. പരിശുദ്ധാത്മാവ് ഒരാലയത്തിലെന്നപോലെ തിരുസഭയിലും വിശ്വാസികളുടെ ഹൃദയങ്ങളിലും കുടികൊള്ളുന്നു (1 കോരി. 3, 16; 6, 19); അവരിലൂടെ അവിടുന്നു പ്രാർത്ഥിക്കുകയും (റോമ. 8, 26) ദൈവത്തിൻെറ ദത്തുപുത്രന്മാരെന്ന വസ്തുതയ്ക്ക്സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു (ഗലാ. 4,6: റോമ. 8,15-16) (തിരുസഭ 4). ഈ പ്രക്രിയയിൽ പരിശുദ്ധാത്മാവ് ഉപയോഗിക്കുന്ന മാധ്യമമാണ് ആരാധനയിലെ പ്രതീകങ്ങൾ. അനശ്വരനും അദൃശ്യനുമായ ക്രിസ്തു സ്വർഗ്ഗത്തിൽ നിരന്തരം ആരാധന നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ സ്വർഗ്ഗീയആരാധനയിൽ ദൈവജനം മുഴു

www.malankaralibrary.com



വൻ പങ്കുചേരേണ്ടിയിരിക്കുന്നു. എന്നാൽ ഈ ഭൂമിയിൽ ആയിരിക്കുന്നിടത്തോളംകാലം നമുക്കു നേരിട്ട് സ്വർഗ്ഗീയആരാധനയിൽ പങ്കുചേരാൻ സാധ്യമല്ല. സഭയുടെ ആരാധനക്രമത്തിൽ ഉപയോഗിച്ചിരിക്കുന്ന അടയാളങ്ങളും പ്രതീകങ്ങളും വഴിയാണ് നമ്മൾ സ്വർഗ്ഗീയ ആരാധനയുമായി ബന്ധപ്പെടുന്നത്. യേശുക്രിസ്തുവിൽ പൂർത്തിയായ രക്ഷാകരസംഭവം ഇന്നത്തെ ആരാധനാസമൂഹത്തിന് അനുഭവവേദ്യമാകുന്നത് പരിശുദ്ധാത്മാവ് പ്രതീകങ്ങളിൽ കൂടി പ്രവർത്തിക്കുന്നതുവഴിയാണ്. ഇപ്രകാരം അദൃശ്യമായ സ്വർഗ്ഗീയ യാഥാർത്ഥ്യത്തെ പരിശുദ്ധാത്മാവ് ദൃശ്യമായ അടയാളങ്ങളിലൂടെ അവതരിപ്പിക്കുന്നതിനെയാണ് കൗദാശികമായ പുനരവതരണം എന്നു പറയുന്നത്.

"മനുഷ്യന്റെ ഗ്രഹണശക്തിക്കതീതവും അവർണ്ണനീയവുമായ ദൈവികസത്യത്തിന്റെ മുമ്പിൽ നില്ക്കുവാനുള്ള ആനുകൂല്യമാണ് ലിററർജിയിൽ അഥവാ ദൈവാരാധനയിൽ നമുക്കു ലഭിക്കുന്നത്. മാനുഷികമായ വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ആ സത്യത്തെ യഥാർത്ഥത്തിൽ ആവിഷ്ക്കരിക്കുവാൻ ആർക്കും സാദ്ധ്യമല്ല. അതിനാൽ സംസ്ക്കാരസമ്പന്നനും ഗ്രാമീണനുമെല്ലാം മതപരമായ പ്രതിഭാസങ്ങളെ അവതരിപ്പിക്കുന്നത് എപ്പോഴും പ്രതീകാത്മവും രഹസ്യാത്മകവുമായ ആചാരങ്ങളിലൂടെയാണ്." (അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, 1985-ൽ റോമിൽ നടന്ന അസാധരണസിനഡിൽ നടത്തിയ പ്രഭാഷണം.)

'ലൈത്തുർഗിയ' എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ലിററർജി (Liturgy) എന്ന വാക്കുണ്ടായിരിക്കുന്ന

www.malankaralibrary.com



ത്. 'പരസ്യമായ ഒരു പ്രവൃത്തി' അല്ലെങ്കിൽ 'ജനങ്ങളുടെ പ്രവൃത്തി' എന്നാണ് ഇതിന്റെ അർത്ഥം. ദൈവത്തെ പരസ്യമായി ആരാധിക്കുന്നതിനെക്കുറിക്കാനാണ് സഭയിൽ ഈ വാക്കുപയോഗിക്കുന്നത്.

മേൽപറഞ്ഞവയുടെ അടിസ്ഥാനത്തിൽ ആരാധനക്രമത്തെ ഇങ്ങനെ നിർവ്വചിക്കാം. **നിത്യമഹാപുരോഹിതനായ ക്രിസ്തുവിന്റെ മൗതികശരീരമെന്ന നിലയിൽ, ക്രിസ്ത്വനുഭവം സിദ്ധിച്ച ഒരു സഭാസമൂഹം, പരിശുദ്ധാത്മാവിന്റെ ഐക്യത്തിൽ പ്രതീകങ്ങൾവഴി രക്ഷാകരചരിത്രം പുനരവതരിപ്പിച്ചുകൊണ്ട് പിതാവായ ദൈവത്തിന് സമർപ്പിക്കുന്ന പരസ്യാരാധനയാണ് ലിററർജി അഥവാ ദൈവാരാധനക്രമം.**

www.malankaralibrary.com

# III

# അന്ത്യോക്യൻ ആരാധനക്രമം

ക്രിസ്തീയപാരമ്പര്യത്തിലെ വളരെ പുരാതനവും അതിശ്രേഷ്ഠവുമായ അന്ത്യോക്യൻ ആരാധനക്രമമാണ് മലങ്കര റീത്തുകാരായ നമ്മൾ ഉപയോഗിക്കുന്നത്. ചില പ്രത്യേകസാഹചര്യത്തിലാണ് കേരളക്രൈസ്തവരിൽ ഒരു ഭാഗം അന്ത്യോക്യൻ ക്രമങ്ങൾ തങ്ങളുടെ ആരാധനയ്ക്കായി സ്വീകരിച്ചത്. 1653-ൽ ഉണ്ടായ ചരിത്രപ്രസിദ്ധമായ കൂനൻകുരിശുസത്യംവരെ കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികൾ ഒരേ ഒരു സഭാസമൂഹമായിരുന്നു. കൽദായ റീത്താണ് അതുവരെ നിലവിലിരുന്നത്. 16-ാം നൂററാണ്ടിൽ പോർട്ടുഗീസ് മിഷനറിമാരുടെ വരവോടുകൂടി ലത്തീൻ റീത്തും കേരളത്തിൽ നിലവിൽ വന്നു. 1665-നു ശേഷമാണ് അന്ത്യോക്യൻ ആരാധനക്രമം ഇവിടെ പ്രചരിച്ചത്.

## വിവിധ റീത്തുകൾ

നമ്മുടെ കർത്താവിൻെറ അവസാനത്തെ തിരുവത്താഴത്തിൽ വച്ച് അവിടുന്നു സ്ഥാപിച്ച വി. കുർബാനയിലാണ് ക്രൈസ്തവആരാധനക്രമത്തിൻെറ കേന്ദ്രവും ഉറവിടവും നാം കാണുന്നത്. പെസഹാവ്യാഴാഴ്ച വി. കുർബാന സ്ഥാപിച്ചുകൊണ്ട് നമ്മുടെ കർത്താവ് സ്വശിഷ്യന്മാരോട് ആജ്ഞാപിച്ചു, "എൻെറ ഓർമ്മയ്ക്കായി ഇതു നിങ്ങൾ ചെയ്വിൻ." ഈ അനുശാസനത്തിൻെറ യുഗങ്ങളിലൂടെയുള്ള അനുവർത്തനമാണ് ഇന്നു നമ്മുടെ ദൈവാലയങ്ങളിലെ

www.malankaralibrary.com



ത്രോണോസുകളിൽ അർപ്പിക്കപ്പെടുന്ന വി. കുർബാന. പരിശുദ്ധാത്മാവ് വന്നുകഴിഞ്ഞപ്പോൾ ക്രിസ്തുവിൻെറ ആജ്ഞാനുസരണം ശ്ലീഹന്മാർ പഠിപ്പിക്കാനും പ്രവർത്തിക്കാനും തുടങ്ങി. നമ്മുടെ കർത്താവ് തൻെറ അന്ത്യഅത്താഴസമയത്ത് ചെയ്ത ശുശ്രൂഷയുടെ പുനരാവിഷ്ക്കരണമെന്ന നിലയിൽ വി. കുർബാനയുടെ കാതലായ ഭാഗം ഒന്നുതന്നെ ആയിരുന്നു. അതേസമയം ആരംഭം മുതൽ തന്നെ ആരാധനക്രമങ്ങൾ തമ്മിലുള്ള വ്യത്യാസം വളരെ പ്രകടമായിരുന്നു. വ്യത്യസ്തങ്ങളും സ്വതന്ത്രങ്ങളുമായ വിവിധ കേന്ദ്രങ്ങൾക്ക് അവയുടെ ചുററുപാടുമുള്ള പ്രാദേശിക സഭകളുടെ മേൽ കാലക്രമത്തിൽ പ്രത്യേക സ്വാധീനം ലഭിച്ചു. ക്രിസ്തുസംഭവം അത്രമാത്രം സമ്പന്നമായതിനാൽ ഒരു സംസ്ക്കാരത്തിലോ ഒരു രീതിയിലോ അത് ഒതുക്കി നിർത്താൻ സാധ്യമല്ല. സൂര്യപ്രകാശം ഒരു പ്രിസത്തിലൂടെ കടന്നുവരുമ്പോൾ സപ്തവർണ്ണങ്ങളായി ശോഭിക്കുന്നതുപോലെ ക്രിസ്തുസംഭവവും ക്രിസ്താനുഭവവും വിവിധ റീത്തുകളിലായി അതിൻെറ ചാരുത വർദ്ധിപ്പിക്കുന്നു.

## പാശ്ചാത്യവും പൗരസ്ത്യവും

എ, ഡി. 395-ൽ തിയഡോഷ്യസ് ചക്രവർത്തിയുടെ മരണാനന്തരം പിൻഗാമികൾ റോമാസാമ്രാജ്യത്തെ രണ്ടായി തിരിച്ചു. ഇല്ലിരിക്കം, ഓറിയൻസ് എന്നീ പ്രവിശ്യകൾ പൗരസ്ത്യസാമ്രാജ്യത്തിലും ഗള്ളിക്കം, ഇത്താലിയാ എന്നീ പ്രവിശ്യകൾ പാശ്ചാത്യസാമ്രാജ്യത്തിലും ഉൾപ്പെടുത്തി. അങ്ങനെ പാശ്ചാത്യവും പൗരസ്ത്യവും എന്ന രണ്ടു സംജ്ഞകൾ ഉടലെടുത്തു. ഈ വിഭജനം പിന്നീടുള്ള സഭാചരിത്രത്തെ കാര്യമായി

www.malankaralibrary.com



സ്വാധീനിച്ചു. പാശ്ചാത്യദേശത്ത് റോമും പൗരസ്ത്യദേശത്ത് കോൺസ്റ്റാൻറിനോപ്പിളും കേന്ദ്രങ്ങളായി ആരാധനക്രമം വളർന്നു വന്നു. ഇവകൂടാതെ അന്ത്യോക്യയും അലക്സാണ്ഡ്രിയായും ആരാധനയുടെ കേന്ദ്രങ്ങളായിരുന്നു. കാലാന്തരത്തിൽ റോമാസാമ്രാജ്യത്തിനു പുറത്തും ഇത്തരം കേന്ദ്രങ്ങൾ രൂപം കൊണ്ടു. അവയിൽ പ്രധാനപ്പെട്ടവ സെലൂഷ്യാ—ചെസിഫോണും, അർമ്മീനിയായുമായിരുന്നു. ഈ കേന്ദ്രങ്ങളിൽ പ്രാബല്യത്തിൽ വന്ന ആരാധനക്രമങ്ങളെ ആസ്പദമാക്കി, സാർവ്വത്രികസഭയിൽ ഓരോരോ റീത്തുകൾ രൂപം പ്രാപിച്ചു. ഒരു സഭയുടെ ആരാധനക്രമത്തിൻെറയും ദൈവശാസ്ത്രത്തിൻെറയും സഭാശിക്ഷണത്തിൻെറയും ആദ്ധ്യാത്മികപൈതൃകത്തിൻെറയും ആകെത്തുകയായി രണ്ടാം വത്തിക്കാൻ കൗൺസിൽ റീത്തിനെ കാണുന്നു. (പൗരസ്ത്യസഭകൾ-3; എക്യുമെനിസം ന. 15, 16, 17), ആരാധനക്രമം റീത്തിൻെറ ഒരു ഭാഗം മാത്രമെ ആകുന്നുള്ളു. എന്നാൽ പ്രധാനമായും ആരാധനക്രമത്തെ അടിസ്ഥാനമാക്കിയാണ് വിവിധ റീത്തുകൾ രൂപീകൃതമായത്.

## A. പാശ്ചാത്യറീത്തുകൾ

1 റോമൻറീത്ത്
- a) ലത്തീൻ
- b) അംബ്രോസിയൻ

2 ഗള്ളിക്കൻ റീത്ത്
- a) ഗള്ളിക്കൻ
- b) മൊസാറബിക്

## B. പൗരസ്ത്യറീത്തുകൾ

1 അന്ത്യോക്യൻറീത്ത്
- a) സിറിയൻ
- b) മാറോണീത്ത
- c) മലങ്കര

www.malankaralibrary.com



2 അലക്സാണ്ഡ്രിയൻറീത്ത് a) കോപ്റ്റിക്
b) എത്യോപ്യൻ

3 കൽദായറീത്ത് a) കൽദായസുറിയാനി
b) സീറോ മലബാർ

4 അർമ്മീനിയൻ

5 ബൈസൻറയിൻ a) അൽബേനിയൻ
b) ബുഗ്ഗേറിയൻ
c) മെൽക്കൈററ്
d) റുമേനിയൻ
e) റഷ്യൻ
f) റുത്തേനിയൻ
g) യുക്രേനിയൻ
h) സ്ലാവിക്
i) ജോർജിയൻ

## അന്ത്യോക്യൻറീത്തിൻെറ ഉത്ഭവം ജറുസലേമിൽ

നമ്മുടെ കർത്താവ് പെസഹാ അനുഷ്ഠിച്ച സെഹിയോൻ മാളികയിൽ വച്ചുതന്നെയാണ് പെന്തിക്കൊസ്തി ദിവസം സഭ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യപ്പെട്ടത്. സഭയുടെ പിള്ളത്തൊട്ടിലായ ജറുസലേമിൽ അനുഷ്ഠിക്കപ്പെട്ടിരുന്നതാണ് ഏററവും പുരാതനമായ ആരാധനക്രമം. നമ്മുടെ കർത്താവിൻെറ സഹോദരൻ എന്നറിയപ്പെട്ടിരുന്ന മാർ യാക്കോബായിരുന്നു ജറുസലേംസഭയുടെ പ്രഥമാദ്ധ്യക്ഷൻ. ക്രൈസ്തവാരാധനയുടെ കാതലായ പുതിയനിയമത്തിലെ പെസഹാരഹസ്യാഘോഷത്തിന് സ്ഥായിയായ രൂപവും ഭാവവും നൽകി ഒരു ആരാധനക്രമം മാർ യാക്കോബ് ക്രോഡീകരിച്ചതായി പണ്ഡിതാഭിപ്രായമുണ്ട്.

www.malankaralibrary.com



## അന്ത്യോക്യായിൽ വളരുന്നു

'കിഴക്കിന്റെ രാജ്ഞി'യെന്ന് സഭാമണ്ഡലത്തിൽ അറിയപ്പെട്ടിരുന്ന അന്ത്യോക്യാസിറിയായുടെ പുരാതന തലസ്ഥാനമായിരുന്നു. A. D. 70-ൽ ജറുസലേം നശിപ്പിക്കപ്പെട്ടതോടെ അന്ത്യോക്യാ ക്രൈസ്തവരുടെ ഏററവും പ്രധാന സഭാകേന്ദ്രമായിത്തീർന്നു. യേശുവിന്റെ ശിഷ്യന്മാർ 'ക്രിസ്ത്യാനികൾ' എന്നറിയപ്പെട്ടത് അന്ത്യോക്യയിൽ വച്ചാണ് (അ. പ്ര. 11, 26). ക്രിസ്തീയകൂട്ടായ്മ, പ്രേഷിതപ്രവർത്തനം, പരസ്യാരാധന ഇവയ്ക്കെല്ലാം ബാഹ്യമായ ഒരു ചിട്ടയും ക്രമീകരണവും ഉണ്ടാകുവാൻതുടങ്ങിയതും അന്ത്യോക്യയിൽ വച്ചുതന്നെ. ദൈവവിജ്ഞാനീയത്തിന്റെ ഉറപ്പുള്ള സങ്കേതങ്ങളായ വേദശാസ്ത്രപാഠശാലകൾ അന്ത്യോക്യയിലാണ് ആരംഭിച്ചത്. മാർ തെയോഫിലോസും സ്വർണ്ണനാവുകാരനായ മാർ ഇവാനിയോസും (ജോൺ ക്രിസോസ്റ്റം) അന്ത്യോക്യൻ സഭയിൽ പ്രശോഭിച്ചിരുന്ന ദൈവശാസ്ത്രപണ്ഡിതൻമാരായിരുന്നു. 'യാക്കോബിന്റെ അനാഫോറാ' എന്നറിയപ്പെട്ടിരുന്ന ജറുസലേമിലെ വിശിഷ്ടമായ തക്സാ അന്ത്യോക്യയിലെ ക്രിസ്തീയസമൂഹം സ്വീകരിച്ചു. ഏകദേശം മൂന്നാം നൂററാണ്ടോടുകൂടി അവർക്ക് സ്വന്തമായ ഒരാരാധനരീതി ഗ്രീക്കുഭാഷയിലുണ്ടാവുകയും അതിന്റെ മേന്മയും പ്രാമാണ്യവും മററു ക്രിസ്തീയസമൂഹങ്ങൾ അംഗീകരിക്കുകയും ചെയ്തു.

## എഡേസായുടെ സ്വാധീനം

സുറിയാനിസഭയുടെ ആസ്ഥാനം അന്ത്യോക്യാ മാത്രമായിരുന്നില്ല. സിറിയായുടെയും മെസൊപ്പൊട്ടേമിയായുടെയും അതിർത്തിയിലുള്ള എഡേസായും

www.malankaralibrary.com



ഒരു കേന്ദ്രസ്ഥാനമായിരുന്നു. ഇവിടെയാണ് പരിശുദ്ധാത്മാവിന്റെ വീണയെന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന മാർ അപ്രേം മല്പാനായി പ്രശോഭിച്ചിരുന്ന ക്രിസ്തീയമതപഠനകേന്ദ്രം നാലാം ശതകത്തിൽ തഴച്ചുവളർന്നത്. മാർ അപ്രേമിന്റെ കവിതാത്മകങ്ങളായ പ്രാർത്ഥനാഗാനങ്ങളും സാറൂഗിലെ മാർ യാക്കോബിന്റെ ഭക്തിരസം തുളുമ്പുന്ന ആരാധനാഗീതങ്ങളും അന്ത്യോക്യൻ ആരാധനക്രമത്തെ പണ്ഡിതൻമാർക്കെന്നപോലെ സാധാരണമനുഷ്യർക്കും കൂടുതൽ ആകർഷകമാക്കി. ഇക്കാരണത്താൽ വിശ്വാസികളുടെ ആരാധനക്രമമെന്ന് അതിനെ പ്രകീർത്തിച്ചിരുന്നു. ഗ്രീക്ക് എന്നപോലെ പ്രാദേശികഭാഷയായ സുറിയാനിയും മതാനുഷ്ഠാനങ്ങളിൽ പ്രത്യേകിച്ച് വി. കുർബാനയിലും കൂദാശാനുഷ്ഠാനങ്ങളിലും ഉപയോഗിച്ചത് അന്ത്യോക്യൻ റീത്തിന് ക്രിസ്തു വിശ്വാസികളുടെ ഇടയിൽ പ്രചുരപ്രചാരം ലഭിക്കുന്നതിന് ഇടയാക്കി. ദൈവാനുഭവത്തിന് തക്കവിധം സംസ്ക്കാരമൂല്യങ്ങൾ ആവഹിക്കുന്നതിനും സ്വാംശീകരിക്കുന്നതിനും അന്ത്യോക്യൻ റീത്തിന് അക്കാലത്തുണ്ടായിരുന്ന കഴിവാണ് അതിനെ ഇത്രമാത്രം ധന്യമാക്കിയത്. അങ്ങനെ മാർ യാക്കോബ് ശ്ലീഹാ ജറുസലേമിൽ സംവിധാനം ചെയ്ത് എഡേസായിലെ സ്വാധീനത്തിൽ അന്ത്യോക്യയിൽ വളർന്നുവന്ന ആരാധനക്രമം അഞ്ചാം നൂററാണ്ടോടുകൂടി സ്ഥായിയായ രൂപം പ്രാപിച്ചു.

## വളർച്ചയും പരിവർത്തനവും

യേശുക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഒരു വ്യക്തിയിൽ എങ്ങനെ സംയോജിക്കപ്പെട്ടിരിക്കുന്നു എന്നതിനെപ്പററി ആധികാരികമായ ഒരു തീരു

www.malankaralibrary.com



മാനമുണ്ടായത് 451-ൽ കൂടിയ കൽക്കദോനിയ സുന്നഹദോസിൽ വച്ചാണ്. ഈ സുന്നഹദോസിന്റെ തീരുമാനം എല്ലാവരും ഒരുപോലെ സ്വീകരിച്ചില്ല. അന്ത്യോക്യൻ സഭ ഉൾപ്പെടെ പല സഭകളിലും അത് ചേരിതിരിവ് ഉണ്ടാക്കി. ദൈവവിജ്ഞാനീയത്തിലെ ഈ വഴിത്തിരിവ് ആരാധനക്രമത്തെയും കുറെയൊക്കെ ബാധിച്ചു. അതോടൊപ്പം അന്ത്യോക്യൻ റീത്ത് നവമായ രൂപങ്ങളും ഭാവങ്ങളും പ്രാപിച്ചു. ആറാം നൂററാണ്ടുമുതൽ പതിമൂന്നാം നൂററാണ്ടുവരെയുള്ള ഘട്ടം അന്ത്യോക്യൻ റീത്തിന്റെ തുടർച്ചയായ വളർച്ചയുടെയും പരിവർത്തനത്തിന്റെയും കാലമാണെന്ന് പറയാം.

## മാർ യാക്കോബിന്റെ അനാഫോറാ

ആദിമകാലങ്ങളിൽ ജറുസലേമിൽ സുറിയാനിയിലും, അന്ത്യോക്യയിലും പരിസരങ്ങളിലും ഗ്രീക്കിലും മാർ യാക്കോബിന്റെ തക്സാ പ്രചരിച്ചിരുന്നു. പതിമൂന്നാം ശതകത്തിൽ പൗരസ്ത്യകാതോലിക്കാ ആയിരുന്ന മാർ ഗ്രീഗോറിയോസ് ബർ എബ്രായ തക്സായിലെ സുദീർഘമായ ചില പ്രാർത്ഥനകൾ വെട്ടിച്ചുരുക്കി. ഇങ്ങനെ മാർ യാക്കോബിന്റെ തക്സാ നാമിന്നു കാണുന്ന വിധത്തിൽ രൂപപ്പെട്ടത് പതിമൂന്നാം ശതകത്തിലായിരുന്നു. ഈ ക്രമമാണ് മലങ്കരയിൽ ഉപയോഗിച്ചുപോരുന്നത്. എന്നാൽ അന്ത്യോക്യയിലെ സഭ, ബർ എബ്രായയുടെ പരിഷ്ക്കാരത്തിനു മുൻപുള്ള മാർ യാക്കോബിന്റെ വലിയ ക്രമമാണ് ഇന്നും ഉപയോഗിക്കുന്നത്. മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെട്ടപ്പോൾ സ്വീകരിച്ചത് മാർ യാക്കോബിന്റെ വലിയ ക്രമമാണ്. ഇതിനിടയിൽ മാർ യാക്കോബിന്റെ തക്സായെ ആസ്പദമാക്കിയും അനുകരി

www.malankaralibrary.com



ച്ചും നൂറിൽപരം തക്സാകം വിരചിതമായി. അവയിൽ ഒൻപതെണ്ണം മാത്രമേ മലങ്കരസഭയിലിന്ന് ഉപയോഗത്തിലുള്ളു.

## അന്ത്യോക്യൻ റീത്തിലെ സവിശേഷതകൾ

ദൈവാനുഭവം ത്വരിതപ്പെടുത്തുന്ന അനുഷ്ഠാനക്രമങ്ങളും ആകർഷകമാക്കുന്ന സാംസ്ക്കാരിക പശ്ചാത്തലവും അന്ത്യോക്യൻ റീത്തിന്റെ പ്രത്യേകതകളായിരുന്നു. യാക്കോബിന്റെ തക്സായ്ക്ക് വളരെ പൗരാണികത്വവും, വേദശാസ്ത്രസമ്പത്തും പ്രതീകാത്മകത്വവുമുണ്ട്. അതിന്റെ ആശയസമ്പുഷ്ടിയും ആസ്വാദ്യതയും മനോഹാരിതയും അന്യാദൃശ്യമാണ്.

രക്ഷാകര പദ്ധതിയുടെ എല്ലാ വശങ്ങളും ഇത്ര തെളിവായി പ്രകടമാക്കുന്ന മറ്റൊരു ആരാധനക്രമവും ഇല്ലെന്നാണ് പല പണ്ഡിതന്മാരുടെയും അഭിപ്രായം. വേദപുസ്തക ആശയങ്ങളും പ്രതീകങ്ങളും ഉൾക്കൊള്ളുന്നവയാണ് ഇതിലെ പ്രാർത്ഥനകളെല്ലാംതന്നെ. ഹൃദയാവർജ്ജകമായ ഗാനങ്ങളും ചിന്താമാധുരി തുളുമ്പുന്ന ആശയങ്ങളും ഇതിലുണ്ട്. വേദപുസ്തകത്തിലെ മൂന്ന് വിഷയങ്ങൾ—നമ്മുടെ കർത്താവിന്റെ ജീവിത സംഭവങ്ങൾ, ധൂർത്തപുത്രന്റെ തീർത്ഥാടനം, ഏശയ്യാ ദീർഘദർശിയുടെ ദർശനം—ഇതിൽ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു. അങ്ങനെ രക്ഷാകര കർമ്മം മുഴുവൻ ആകർഷകമായി വരച്ചുകാട്ടുന്ന ഈ ആരാധനക്രമത്തിൽ പങ്കെടുക്കുന്നതോടുകൂടി രക്ഷാകര രഹസ്യത്തിലുള്ള ഭാഗഭാഗിത്വം ഓരോ വിശ്വാസിയിലും ആഴമായി ഉറയ്ക്കുന്നു. ദൈവസാന്നിദ്ധ്യത്തെപ്പറ്റിയുള്ള ശക്തമായ പ്രചോദനവും അതിൽനിന്നുളവാകുന്ന ഭയഭക്തിയും ഈ ആരാധനക്രമത്തിന്റെ സ-

www.malankaralibrary.com



വിശേഷതകളാണ്. അദൃശ്യനായ ദൈവത്തെ ഉൾക്കൊള്ളാനുള്ള കരുത്ത് മനുഷ്യനില്ലെന്ന് ഏറ്റുപറയാൻ ഉത്തേജനം നല്കുന്ന പ്രതീകങ്ങളാണ് ഈ ആരാധനക്രമത്തിലുള്ളത്. ആരാധനാജീവിതത്തിൽ പരിശുദ്ധ റൂഹായ്ക്ക് വളരെയധികം സ്ഥാനം നല്കുന്നു. സംഭാഷണരീതിയും കർമ്മോത്സുക ഭാഗഭാഗിത്വവും യാക്കോബിന്റെ തക്സായുടെ സവിശേഷതയാണ്.

## അന്ത്യോക്യൻ റീത്ത് കേരളത്തിൽ

മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ സഭ കൂനൻ കുരിശ് സത്യത്തിനുശേഷം രണ്ടായി പിളർന്നു. തങ്ങളുടെ മഹത്തായ പാരമ്പര്യം സംരക്ഷിക്കുന്നതിന് ഒരു ഏതദ്ദേശീയ മെത്രാൻ അപരിത്യാജ്യമാണെന്ന് മാറി നിന്നവർക്ക് ബോദ്ധ്യമുണ്ടായിരുന്നു. ഒന്നാം മാർത്തോമ്മാ എന്ന് പേര് സ്വീകരിച്ച ആർച്ച്ഡീക്കനെ അനുയായികൾ നേതാവായി സ്വീകരിച്ചു. അദ്ദേഹത്തിന് ശരിയായ കൈവയ്പ്പ് ലഭിക്കുന്നതിന് അവർ റോമിനെ സമീപിച്ചു. പക്ഷേ ഇവിടുത്തെ പാശ്ചാത്യ മിഷനറിമാർ ഇതിനെ ശക്തിയായി എതിർത്തു. മററുമാർഗ്ഗമൊന്നുമില്ലാതെ അവസാനം അന്ത്യോക്യയിലെ യാക്കോബായ പാത്രിയർക്കീസുമായി ബന്ധം പുലർത്തി. മാർത്തോമ്മാ ഒന്നാമന്റെ അപേക്ഷാനുസരണം ജറുസലേമിൽനിന്ന് മാർ ഗ്രിഗോറിയോസ് എന്ന മെത്രാൻ 1665-ൽ മലബാറിൽ ആഗതനായി. എന്നാൽ അന്ത്യോക്യൻ ആരാധനക്രമം ഇവിടെ പ്രവേശിച്ചതും നിലയുറപ്പിച്ചതും നീണ്ടൊരു കാലഘട്ടംകൊണ്ടാണ്. മാർ യാക്കോബിന്റെ അനാഫുറാ അടക്കമുള്ള അന്ത്യോക്യൻ ക്രമങ്ങൾ മലങ്കരയിൽ അവതരിപ്പിച്ചതും അവയെ വിശ്വാസികളുടെ ഇടയിൽ പ്രചരിപ്പിച്ചതും 1751-ൽ ഇ

www.malankaralibrary.com



വിടെ വന്ന മാർ ബസേലിയോസും മാർ യോഹന്നാനുമാണ്. 1836-ൽ മാവേലിക്കരയിലും 1876-ൽ മുളംതുരുത്തിയിലും കൂടിയ സുന്നഹദോസുകളിലാണ് അന്ത്യോക്യൻ റീത്തിന് ഔദ്യോഗിക അംഗീകാരം ലഭിച്ചത്. ഈ കാലയളവിൽ പല പുനരൈക്യ പരിശ്രമങ്ങളും നടന്നു. മലങ്കരസഭ പുനരൈക്യത്തിന് പരിശ്രമിച്ചപ്പോഴെല്ലാം 'പൗരാണിക റീത്തും ആചാരാനുഷ്ഠാനങ്ങളും സംരക്ഷിച്ചുകൊണ്ട്' സ്വന്തമായ വ്യക്തിത്വവും സ്ഥാനവുമുള്ള ഒരു പൗരസ്ത്യ സഭയായി നിലനിർത്തണമെന്ന് റോമിനോട് ആവശ്യപ്പെട്ടിരുന്നു. 1930-ൽ മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെട്ടപ്പോഠം മലങ്കര യാക്കോബായാ സഭയിൽ നിലവിലിരുന്ന അന്ത്യോക്യൻ റീത്ത് കത്തോലിക്കാസഭ അംഗീകരിക്കുകയും അത് സാർവ്വത്രികസഭയുടെ പൊതുസ്വത്തായി തീരുകയും ചെയ്തു.

www.malankaralibrary.com

# IV

# പ്രതീകങ്ങൾ

യേശുക്രിസ്തുവിൽ പൂർത്തിയായ രക്ഷാകര സംഭവം ഇന്നത്തെ ആരാധനാസമൂഹത്തിന് അനുഭവവേദ്യമാകുന്നത് അടയാളങ്ങളിലും പ്രതീകങ്ങളിലും കൂടിയാണ്. ഇപ്രകാരം അദൃശ്യമായ സ്വർഗ്ഗീയ യാഥാർത്ഥ്യത്തെ ദൃശ്യമായ അടയാളങ്ങളിലൂടെ അവതരിപ്പിക്കുന്നതിനെയാണ് കൗദാശികമായ പുനരവതരണം എന്ന് പറയുന്നത്. കൂദാശ വെറും അടയാളമല്ല; സൂചിപ്പിക്കുന്ന യാഥാർത്ഥ്യത്തെ സന്നിഹിതമാക്കുന്ന അടയാളമാണ്. ആരാധനക്രമത്തിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന പ്രതീകങ്ങൾ സ്വർഗ്ഗീയ യാഥാർത്ഥ്യത്തെ സൂചിപ്പിക്കുകയും സന്നിഹിതമാക്കുകയും ചെയ്യുന്നു.

## അടയാളങ്ങളും പ്രതീകങ്ങളും

മറ്റൊന്നിലേക്ക് നമ്മെ നയിക്കുന്ന യാഥാർത്ഥ്യങ്ങളാണ് അടയാളങ്ങളും പ്രതീകങ്ങളും. നാം ഉച്ചരിക്കുന്ന വാക്കുകളും, നമ്മുടെ ആംഗ്യങ്ങളുമെല്ലാം ഏതെങ്കിലും അദൃശ്യയാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്ന അടയാളങ്ങളാണ്. അടയാളങ്ങൾക്കും പ്രതീകങ്ങൾക്കും തമ്മിൽ അല്പം വ്യത്യാസമുണ്ട്. പ്രതീകങ്ങളെല്ലാം അടയാളങ്ങളാണ്. എന്നാൽ അടയാളങ്ങളെല്ലാം പ്രതീകങ്ങൾ ആയിരിക്കണമെന്നില്ല. പ്രതീകം അദൃശ്യയാഥാർത്ഥ്യത്തെ സൂചിപ്പിക്കുന്നതിന് സ്വതന്ത്രമായി തെരഞ്ഞെടുക്കപ്പെടുന്ന അടയാളമാണ്. അതിന് ബോധപൂർവ്വം നല്കപ്പെടുന്ന അർത്ഥമാണുള്ളത്.

www.malankaralibrary.com



## പ്രതീകങ്ങൾ ആരാധനക്രമത്തിൽ

ആരാധനക്രമത്തിലെ അടയാളങ്ങളെല്ലാം പ്രതീകങ്ങളാണ്. കാരണം ബോധപൂർവ്വം നല്കപ്പെട്ട അർത്ഥമാണ് അവയ്ക്കുള്ളത്. അവയെ വേണ്ടവിധം മനസ്സിലാക്കുകയും സ്നേഹിക്കുകയും ചെയ്താൽ ആരാധന സ്വർഗ്ഗീയ അനുഭവമാക്കി മാററാം. ലൗകീക യാഥാർത്ഥ്യങ്ങളിൽ നിന്നുയർന്ന് ദൈവീകമായ അനുഭവത്തിനുവേണ്ടിയുള്ള തീഷ്ണമായ പരിശ്രമമാണ് ദൈവാരാധനയിൽ നടക്കുന്നത്.

## നമ്മുടെ ആരാധനയിലെ പ്രതീകങ്ങൾ

### (a) ത്രോണോസ്—സ്വർഗ്ഗീയരാജാവ് എഴുന്നെള്ളിയിരിക്കുന്ന സിംഹാസനം

ദേവാലയത്തിൻെറ കേന്ദ്രബിന്ദുവാണ് ത്രോണോസ്. ഇതൊരു ഗ്രീക്ക് വാക്കാണ്. സിംഹാസനം എന്നാണർത്ഥം. കർത്താവ് ഉപവിഷ്ടനായിരിക്കുന്നതായി ഏശയ്യാ കണ്ട ഉന്നതമായ സിംഹാസനം (ഏശ. 6: 1). സ്വർഗ്ഗീയരാജാവ് തൻെറ ആരാധനാസമൂഹത്തെ തൻെറ ദിവ്യകൂട്ടായ്മയിലേക്ക് ക്ഷണിക്കുന്ന പീഠമാണ് ത്രോണോസ്. അത് ജറുസലേം ദേവാലയത്തിലെ കൃപാസനത്തെ (എബ്രാ. 9, 5) സൂചിപ്പിക്കുന്നു. ഇതിൻെറ യാഥാർത്ഥ്യമാണ് നമ്മുടെ കർത്താവ് പിതാവിൻെറ വലത്തുഭാഗത്തിരിക്കുന്ന സ്വർഗ്ഗീയസിംഹാസനം. ആ സിംഹാസനമാണ് നമ്മുടെ പള്ളിയിലെ ത്രോണോസ്. അവിടെ അർപ്പിക്കപ്പെടുന്ന നിത്യയാഗമാണ് പള്ളിയിലും അർപ്പിക്കപ്പെടുന്നത്.

ത്രോണോസിന്മേൽ വി. കുർബാന എന്ന യാഗം അർപ്പിക്കപ്പെടുന്നതിനാൽ യാഗപീഠമെന്നും പറയപ്പെ

www.malankaralibrary.com



ടുന്നു. സർവ്വലോകത്തിനും ജീവൻ നല്കുന്നതായ നമ്മുടെ കർത്താവിൻെറ തിരുശരീര രക്തങ്ങളാകുന്ന ജീവൻെറ ഭക്ഷണം തയ്യാറാക്കിവച്ചിട്ടുള്ള മേശയായ ത്രോണോസ് 'ജീവൻെറ മേശയെന്നും' വിളിക്കപ്പെടുന്നു. സുറിയാനിക്കാർ മദ്ബഹായിൽ കുർബാന അർപ്പിക്കപ്പെടുന്ന മേശയ്ക്ക് ത്രോണോസ് എന്നു പറയുന്നു, പാശ്ചാത്യരാകട്ടെ അറംത്താര എന്നാണ് പറയുന്നത്. അവർ-ഗോഗുൽത്താബലിയോടുള്ള ബന്ധത്തിന് പ്രാധാന്യം നല്കുമ്പോരം സുറിയാനിക്കാർ കർത്താവിൻെറ സ്വർഗ്ഗീയ സിംഹാസനത്തിൽ നടത്തുന്ന മദ്ധ്യസ്ഥബലിയോടുള്ള ബന്ധത്തിന് പ്രാധാന്യം നല്കുന്നു.

## (b) തബ്ലീത്താ

ഇതിന് ചെറിയത്രോണോസ് എന്ന അപരനാമമുണ്ട്. കാസാ പീലാസാ എന്നീ പൂജാപാത്രങ്ങരം വച്ച് കുർബാന അർപ്പിക്കുന്ന ദീർഘചതുരാകൃതിയിലുള്ള ഒരു ചെറിയ പലകയോ മാർബിറംകല്ലോ ആണ് തബ്ലീത്താ. കൂദാശ ചെയ്യപ്പെട്ട ത്രോണോസിലും തബ്ലീത്തായുടെ ഉപയോഗം അനുപേക്ഷണീയമത്രേ. അത്യാവശ്യം നിമിത്തം പള്ളി-ഇല്ലാത്ത സ്ഥലങ്ങളിലും കൂദാശചെയ്യപ്പെട്ട ത്രോണോസ് ഇല്ലെങ്കിലും തബ്ലീത്താമേൽ വി. കുർബാന അർപ്പിക്കാവുന്നതാണ്.

തബ്ലീത്താ രക്ഷാകരമായ കുരിശിനെ സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് മലങ്കരയിൽ അത് മരംകൊണ്ടുണ്ടാക്കുന്നത്. ഏദൻ തോട്ടത്തിലെ ജീവവൃക്ഷത്തെയും തബ്ലീത്താ ദൃഷ്ടാന്തീകരിക്കുന്നു. കർത്താവിൻെറ തിരുശരീരരക്തങ്ങരം അതിൽനിന്നുള്ള ഫലങ്ങളാണ്. തബ്ലീത്താ സഭയുടെ അടിസ്ഥാന കല്ലായ

www.malankaralibrary.com



യേശുക്രിസ്തുവിന്റെ (എഫേ. 2:20, 1 കോറി. 10;4; 1 കോറി. 3:11) സാദൃശ്യമാണ്. തബ്ലീത്തായുടെ ഒരു വശത്ത് മൂറോൻ പൂശിയാണ് കൂദാശ ചെയ്യുന്നത്. മറുവശത്ത് കൂദാശ ചെയ്ത മെത്രാന്റെ പേരും കൂദാശ ചെയ്ത തീയതിയും കുരിശാകൃതിയിൽ സുറിയാനിയിൽ എഴുതിയിരിക്കും. മൂറോൻ പൂശിയഭാഗം അടിവശത്തായിരിക്കത്തക്കവണ്ണവും എഴുത്ത് പടിഞ്ഞാറുനിന്നും കിഴക്കോട്ട് വായിയ്ക്കത്തക്കവണ്ണവുമാമാണ് ത്രോണോസിന്മേൽ വയ്ക്കാറുള്ളത്.

## (c) ചിത്തോല

ത്രോണോസിനെ അലങ്കരിക്കുന്നതിനുള്ള പട്ടുവസ്ത്രമാണ് ചിത്തോല. കബറടക്കസമയത്ത് നമ്മുടെ കർത്താവിനെ പൊതിഞ്ഞ മേൽത്തരം പട്ടുശീലയെ (യോഹ; 19: 40) ഇത് സൂചിപ്പിക്കുന്നു. ഏകനായ ദൈവം ത്രിത്വമായി അറിയപ്പെടുന്നതുകൊണ്ടാണു് ചിത്തോല മൂന്നു ഖണ്ഡങ്ങളായി വിഭജിച്ചിരിക്കുന്നതു്. മൂന്നു ഖണ്ഡങ്ങളിലെയും ഒരേ നിറം, ത്രിത്വത്തിലെ മൂന്നു പേരും സാരാംശത്തിൻ സമന്മാരാണെന്നു് കാണിക്കുന്നു. നടുവിലെത്തെ ഖണ്ഡം ദൈവപുത്രനെയും ഇടതുവശത്തുള്ളതു് പരിശുദ്ധ റൂഹായെയും സൂചിപ്പിക്കുന്നു. ചിത്തോല മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിന്റെ ത്രിത്വത്തിലുള്ള നിത്യമായ ആസ്തിക്യത്തെ സൂചിപ്പിക്കുന്നു.

സാധാരണമായി ചിത്തോലയിലെ മൂന്നു ഖണ്ഡങ്ങൾ ചുവപ്പ് നിറത്തിലും, അരുക് പച്ചനിറത്തിലും കുരിശും ദീപങ്ങളും മഞ്ഞ നിറത്തിലുമായിരിക്കും. ചിത്തോലയിലെ ചുമപ്പുനിറം ദൈവം സ്വയാവിഷ്ക്കരണാർത്ഥം പ്രപഞ്ചത്തെ സൃഷ്ടിച്ചതിനെ കാണി

www.malankaralibrary.com



ക്കുന്നു. പച്ചനിറം ഹരിതാഭമായ ഭൂമിയുടെ സൃഷ്ടിയെയും പ്രത്യാശയുള്ള മനുഷ്യനെയും കുറിക്കുന്നു. മഞ്ഞനിറം ദൈവത്വത്തിൻെറ മഹത്വത്തെയും സ്വർഗ്ഗീയ സൗഭാഗ്യത്തെയും സൂചിപ്പിക്കുന്നു. ചിത്തോലയിലെ മൂന്നു നിറങ്ങൾ, ക്രിസ്തുവിൻെറ ശരീരമായ സഭയിലെ സജീവ അംഗങ്ങൾ വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യങ്ങളാൽ അലങ്കൃതരായിരിക്കണമെന്നു് ഓർമ്മിപ്പിക്കുന്നു. ത്രോണോസിൻെറ മുകളിലെ വെള്ളവിരി, ത്രോണോസിൻെറ മേന്മയേയും അന്തസ്സിനേയും വിളിച്ചറിയിക്കുന്നു. അതിൽ നടക്കുന്ന യാഗത്തിൻെറ നൈർമ്മല്യത്തെയും അതു് പ്രഘോഷിക്കുന്നു (മലാക്കി 1, 11). ആ വസ്ത്രം വിശുദ്ധന്മാരുടെ സൽപ്രവർത്തികളാണ് (വെളി 19, 8). ഇങ്ങനെ വിശ്വാസികൾ തങ്ങളുടെ ആത്മാവിനെ സുകൃതനടപടികളാകുന്ന മഹത്വമുള്ള അങ്കികളാൽ അലങ്കരിക്കണമെന്നു് പഠിപ്പിക്കുന്നു.

### 3. വിരിക്കൂട്ടം (തൽബെശ്ത്തൊ)

ത്രോണോസിൽ ചിത്തോലയുടെയും വെള്ള വിരിയുടെയും മുകളിലായി മദ്ധ്യത്തിൽ തബ്ലീത്തായ്ക്കുമീതെ വിരിക്കുന്നതാണ് ത്രിവർണ്ണവിരിക്കൂട്ടം. ചുമപ്പ്, പച്ച, വെള്ള എന്നീ നിറങ്ങളിലുള്ള മൂന്നു പട്ടുതുണികൾഒന്നിച്ചുചേർത്തു് മൂന്നു ഖണ്ഡങ്ങളായി തയ്ച്ച വിരിക്കൂട്ടത്തിൽ പകുതിഭാഗം ത്രോണോസിൻെറ താഴോട്ട് ഇറങ്ങി കിടക്കുന്നു.വിരിക്കൂട്ടത്തിൻെറ മദ്ധ്യഭാഗം വെള്ളയും അതിനു പുറമേ പച്ചയും അതിനു പുറമേ ചുവപ്പുമാണ്. ചുവപ്പുനിറം വിശ്വാസകടാഹത്തിൻെറയും, പച്ച നിറം ഹരിതാഭമായ ഭൂമിയെയും, വെള്ളനിറം, കുഞ്ഞാടിൻെറ രക്തത്തിൽ

www.malankaralibrary.com



അങ്കി അലക്കി വെടിപ്പാക്കപ്പെട്ടവരുടെ (വെളി 7, 14) സമൂഹമായ വിശുദ്ധ സഭയുടെ പ്രതീകമാണ്. ത്രോണോസിലെ വി. കുർബാന, ലോകത്തിലെ സകല ചരാചരങ്ങളുടെയും ഒന്നുചേർന്നുള്ള അർപ്പണമാണെന്ന് ത്രിവർണ്ണവിരിക്കൂട്ടം സൂചിപ്പിക്കുന്നു. ദൈവികസംവിധാനത്തിൽ, പ്രപഞ്ചസൃഷ്ടിയുടെയും മാനവപരിത്രാണത്തിന്റെയും കേന്ദ്രസ്ഥാനം വി. കുർബാനയ്ക്കാണെന്നു് ഇത് വ്യക്തമാക്കുന്നു.

## (d) അപ്പവും വീഞ്ഞും

ക്രിസ്തുവിന്റെ മുൻകുറിയായ മൽക്കിസെദേയ്ക്ക് കാഴ്ച അർപ്പിക്കുന്നതിനുപയോഗിച്ച വസ്തുക്കളാണ് അപ്പവും വീഞ്ഞും (ഉൽപ. 14, 18; ഹെബ്രാ. 7, 1). പൗരസ്ത്യർ പുളിപ്പു ചേർത്തുണ്ടാക്കിയ അപ്പമാണ് കുർബാനയ്ക്കു ഉപയോഗിക്കുന്നതു്. ഇതിനു 'ഹമ്മീറാ' എന്നു പറയുന്നു—പുളിച്ച അപ്പം എന്നർത്ഥം. പുരാതനസഭയിൽ പുളിപ്പുള്ള അപ്പമാണ് ഉപയോഗിച്ചിരുന്നതെന്ന് മാർ അപ്രേം സാക്ഷിക്കുന്നു. അതുകൊണ്ട് മലങ്കരസഭ കുർബാനയ്ക്കു് ഉപയോഗിക്കുന്നത് ഹമ്മീറായാണ്. എന്നാൽ ലത്തീൻ സഭ 'പത്തീറാ' പുളിയ്ക്കാത്ത അപ്പമാണ് ഉപയോഗിക്കുന്നതു്.

ഹമ്മീറായുടെ അഞ്ചു ഘടകങ്ങളായ സൈത്തു് എണ്ണ, ഗോതമ്പുപൊടി, വെള്ളം, പുളിപ്പ്, ഉപ്പു് എന്നിവ സൃഷ്ടിയുടെ അഞ്ച് അടിസ്ഥാന ഘടകങ്ങളെ സൂചിപ്പിക്കുന്നു. നമ്മുടെ കർത്താവിന്റെ രക്ഷാകര വ്യാപാരത്തെ ഹമ്മീറാ ദൃഷ്ടാന്തീകരിക്കുന്നു. മാവു കുഴയ്ക്കാനുപയോഗിക്കുന്ന വെള്ളം മാമോദീസയെയും, ഗോതമ്പുമാവു് മാമോദീസായിൽനിന്നു

www.malankaralibrary.com



സ്വീകരിച്ച പരിശുദ്ധാത്മാവിനെയും പുളിപ്പ് സത്യവിശ്വാസത്തെയും ഉപ്പ് സ്നേഹത്തെയും, എണ്ണ ദൈവത്തിനു മനുഷ്യരുടെ നേർക്കുള്ള കരുണയെയും (ലൂ. 10, 34) സൂചിപ്പിക്കുന്നു.

ഒരു വലിയ കുരിശും 12 ചെറിയ കുരിശുകളും കൊണ്ട് മുദ്രയിടപ്പെട്ട അപ്പമെന്ന അർത്ഥത്തിലാണ് 'തബ്ഒ' (മുദ്ര) എന്ന് സുറിയാനിയിൽ വിളിക്കുന്നത്. വലിയ കുരിശ് നമ്മുടെ കർത്താവിന്റെയും 12 ചെറിയ കുരിശുകൾ 12 ശ്ലീഹന്മാരുടെയും പ്രതീകങ്ങളാണ്. വലിയ കുരിശിൽ കർത്താവിന്റെ തിരുമുറിവുകളെ സൂചിപ്പിക്കുന്ന അഞ്ചു അടയാളങ്ങൾ ഉണ്ടായിരിക്കും.

മനുഷ്യരാൽ ദൈവത്തിന് സമർപ്പിക്കപ്പെടുന്ന എല്ലാററിന്റെയും പ്രതീകമത്രെ കുർബാനയിലെ കാഴ്ചയപ്പം. വി. കുർബാന കൊടുക്കുമ്പോൾ വൈദികൻ ചൊല്ലുന്ന വാചകത്തിൽ, കൂദാശ ചെയ്യപ്പെട്ട അപ്പത്തിന്റെ കഷണത്തെ 'ഗ്മുർത്തൊ' (തീക്കട്ട ഏശ. 6, 6-7) എന്നും ഗ്രീക്കിൽ 'മർഗൊനീസൊ' (മാണിക്യം) എന്നും വിളിക്കുന്നു.

വീഞ്ഞ് മുന്തിരിച്ചെടിയുടെ പ്രതീകമാണ്. അതിന്റെ പ്രതീകാത്മകത്വത്തെ ആസ്പദമാക്കിയാണ് കുർബാനയിൽ വീഞ്ഞുപയോഗിക്കുന്നത്. ക്രിസ്തുവിന്റെ രക്തമാകേണ്ട ഉത്തമമാദ്ധ്യമം മുന്തിരിപ്പഴം പിഴിഞ്ഞുകിട്ടുന്ന രസമാണ്. രക്തത്തിന്റെ പ്രതിരൂപമായ വീഞ്ഞ് മിശിഹാ പ്രദാനം ചെയ്യുന്ന പ്രത്യാശയുടെയും സന്തോഷത്തിന്റെയും പ്രതീകമാണ് (മർക്കോ. 14, 25). നമ്മുടെ കർത്താവിന്റെ തിരുവിലാവിൽനിന്ന് രക്തവും വെള്ളവും (യോഹ.19,24)

www.malankaralibrary.com



ഒഴുകിയതിനാൽ വീഞ്ഞിനോട് അല്പം വെള്ളവും ചേർക്കുന്നു. വീഞ്ഞും വെള്ളവും കർത്താവിൻെറ ദൈവത്വത്തെയും മനുഷ്യത്വത്തെയുംസൂചിപ്പിക്കുന്നു വെന്ന് അവ കലർത്തുന്ന സമയത്തെ പ്രാർത്ഥന വ്യക്തമാക്കുന്നു.

## (e) വലിയ മണി

കർത്താവിൻെറ മരക്കുരിശിലുള്ള മരണത്തെ അനുസ്മരിപ്പിക്കുന്നതിനായി മരത്തടിയിൻമേൽ അടിക്കുന്ന പതിവാണ് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നതെന്ന് മോശെബർ കേഫാ പറയുന്നു. ആറാം ശതകം മുതൽ ഇന്നത്തെ രീതിയിലുള്ള ഓടുകൊണ്ടുള്ള മണികം ഉപയോഗിക്കാൻ തുടങ്ങി. യഹൂദന്മാർ ദൈവാരാധന ആരംഭിക്കുന്നതിനെ കുറിക്കാൻ കാഹളം ഊതിയിരുന്നു (സംഖ്യ 10, 1-10). അതിനെ അനുസ്മരിപ്പിക്കുന്നതാണ് പള്ളിമണി. അതു നമ്മെ ദൈവാരാധനയ്ക്ക് പള്ളിയിലേക്കുള്ള തീർത്ഥാടനത്തിന് ക്ഷണിക്കുന്ന കാഹളമാകുന്നു.

ദൈവാരാധനയ്ക്കായി ദൈവജനത്തെ പള്ളിയിലേക്ക് ക്ഷണിച്ചുകൊണ്ട് കൂട്ടമണി അടിക്കുന്നതും പ്രതീകാത്മകമായിട്ടാണ്. ആദ്യം കൂട്ടമായും, പിന്നീടു മൂന്നുവീതം 11 പ്രാവശ്യവും, തുടർന്നു കൂട്ടമായും മണി അടിക്കുന്നു

## (f) ധൂപക്കുററി

നമ്മുടെ കർത്താവിൻെറ പരമയാഗവുമായി അഭേദ്യബന്ധമുള്ള ഒരു അടയാളമത്രെ ധൂപകലശം. ധൂപക്കുററിയിൽ നിന്നു ഉയരുന്ന സുഗന്ധം നമ്മുടെ കർത്താവിൻെറ തിരുബലിയെ അനുസ്മരിപ്പിക്കുന്നു

www.malankaralibrary.com



(എഫേ 5, 2). ജറുസലേം ദേവാലയത്തിലെ വിശുദ്ധ സ്ഥലത്ത് ധൂപപീഠമുണ്ടായിരുന്നു (പുറ 30, 1-10). പഴയനിയമകാലത്ത് സുഗന്ധധൂപമണച്ചിരുന്നത്, ബലിയർപ്പിച്ചതിനു ശേഷം, ബലി ദൈവത്തിങ്കലേക്കുയർത്തുന്ന ഒരു വാഹനമായിട്ടായിരുന്നു. അതുപോലെ നാം സമർപ്പിക്കുന്ന ബലി പിതാവായ ദൈവത്തിന് സ്വീകാര്യമായിത്തീരുന്നത് യേശുമിശിഹായുടെ പരമയാഗം വഴിയാണ്. സുഗന്ധ ധൂപാർപ്പണംമൂലം വി. കുർബാന സ്വർഗ്ഗീയബലിയായിത്തീരുകയാണ് (വെളി 8, 3-4). ആചാര്യനായ അഹറോൻ ധൂപം വീശി ഇസ്രയേൽ ജനത്തിൽ നിന്ന് വസന്ത നിരോധിച്ചു (സംഖ്യ 16, 47-48). ക്രിസ്തീയപുരോഹിതനും ഒരു വിധത്തിൽ അഹറോന്യആചാര്യനാണ് (ഹെബ്രാ 5, 4). അഹറോന്യപൗരോഹിത്യപ്രകാരമുള്ള ധൂപകലശവും ധൂപവും ക്രിസ്തീയസഭ സ്വീകരിച്ചു.

ധൂപക്കുററിയുടെ മേൽത്തട്ട് സ്വർഗ്ഗത്തെയും അടിത്തട്ട് ഭൂമിയെയും, അതിനകത്തുള്ള കരി പാപികളായ മനുഷ്യരെയും, അഗ്നി പരിശുദ്ധാത്മാവിനെയും സൂചിപ്പിക്കുന്നു. പാപമാലിന്യങ്ങളാൽ കരിക്കു തുല്യരായിരിക്കുന്ന മനുഷ്യർ പരിശുദ്ധാത്മ വ്യാപാരത്താൽ വിശുദ്ധീകരിക്കപ്പെട്ട് ദൈവമക്കളായിത്തീരുന്നുവെന്ന് ധൂപക്കുററി കാണിക്കുന്നു. കുന്തിരിക്കം വിശ്വാസികളുടെ വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യങ്ങളെ കുറിക്കുന്നു. ദൈവാരാധനയാൽ ദൈവത്തോട് ഐക്യപ്പെടണമെന്ന് ഇത് സൂചിപ്പിക്കുന്നു. ധൂപം മേല്പോട്ട് ഉയരുന്നതുപോലെ വിശ്വാസികളുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിലേക്ക് ഉയരുന്നു (സങ്കീ 141, 2). സുഗന്ധം ചുററുമുള്ളവർക്കും ഉയരത്തിലേക്കു പൊങ്ങി, ദൈവത്തിനും സന്തോഷം

www.malankaralibrary.com



നൽകുന്നതുപോലെ നമ്മുടെ ആരാധനയും സുകൃത ജീവിതവും മനുഷ്യർക്കും ദൈവത്തിനും സദാ സന്തോഷം പ്രദാനം ചെയ്യേണ്ടതാണ്.

ധൂപക്കുററി ദൈവമാതാവായ വി. കന്യകമറിയാമിനെയും അഗ്നി വി. കന്യകയുടെ ഉദരത്തിൽ വസിച്ച അഗ്നിയായ (ഹെബ്രാ 12, 29) ദൈവത്തെയും സൂചിപ്പിക്കുന്നു. അതിൻെറ ചങ്ങലകളിൽ ഒന്നാമത്തേത് പിതാവായ ദൈവത്തേയും, രണ്ടാമത്തേതും മൂന്നാമത്തേതുംകൂടി മനുഷ്യാവതാരം ചെയ്ത പൂർണ്ണ ദൈവവും പൂർണ്ണമനുഷ്യനുമായ പുത്രൻ തമ്പുരാനെയും, നാലാമത്തേത് പരിശുദ്ധാത്മാവായ ദൈവത്തെയും സൂചിപ്പിക്കുന്നു. ചങ്ങലകളുടെ മുകളിലുള്ള തകിടും കൊളുത്തും വളയവുംകൂടി വി. ത്രിത്വത്തിൻെറ യോജിപ്പിനെയും ഏകത്വത്തെയും വ്യക്തമാക്കുന്നു. ചങ്ങലകളിലുള്ള 12 മണികൾ 12 ശ്ലീഹന്മാരെയും ഓരോ ചങ്ങലയിലുമുള്ള 72 കണ്ണികൾ അറിയിപ്പുകാരെയും ദൃഷ്ടാന്തീകരിക്കുന്നു.

ജനങ്ങളുടെ പക്കലേക്കുള്ള ധൂപം വീശൽ സഭയുടെ പ്രേഷിതപരമായ കടമകളെ അനുസ്മരിപ്പിക്കുന്നു. രണ്ടു കൈകളും വിടുർത്തി ധൂപം സ്വീകരിച്ച് നെഞ്ചിലേക്കും വായിലേക്കും കൈകൾ അടുപ്പിക്കുന്നതും തുടർന്നു തല വണങ്ങി കുരിശു വരയ്ക്കുന്നതും സത്യവിശ്വാസം സ്വീകരിച്ചതിൻെറയും സുവിശേഷഘോഷണത്തിനുള്ള കടമ അംഗീകരിച്ചതിൻെറയും അടയാളമായിട്ടാണ്.

## (g) സ്ലീബാ—രാജാവിൻെറ വിജയപതാക

കുരിശ്—കുരിശിക്കപ്പെട്ടവൻ എന്നും അർത്ഥമുണ്ട്. സ്ലീബായും രക്ഷകനും സുറിയാനിയിൽ പര്യായ

www.malankaralibrary.com



പദങ്ങളാണ്. കുരിശ് നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും മാത്രം അടയാളമല്ല. അവിടുത്തെ പുനരുത്ഥാനത്തിന്റെയും അതുമൂലം സമ്പാദിച്ച നിത്യജീവന്റെയും പ്രതീകമാണ്. ഇത് നിമിത്തമാണ് തൂങ്ങപ്പെട്ട രൂപമില്ലാത്ത പുനരുത്ഥാനസ്ലീബാ (Easter Cross) മലങ്കരസുറിയാനിക്കാർ ഉപയോഗിക്കുന്നത്. ഈ കുരിശ് മഹിമ പ്രതാപവാനായ രാജാവിന്റെ വിജയപതാകയാണ്. വെള്ളിക്കുരിശും സ്വർണ്ണക്കുരിശും മലങ്കരസഭ ഉപയോഗിക്കുന്നത് ഈ അർത്ഥത്തിലാണ്. സ്ലീബാ സമാധാനത്തിന്റെയും രക്ഷയുടെയും അടയാളമായാണ്. മരണത്തിന്മേലുള്ള ജീവന്റെ വിജയത്തെ പ്രതിനിധാനം ചെയ്യുന്നതുകൊണ്ട് പ്രകാശമുള്ള കുരിശ് എന്ന് അതിനെ സഭ പ്രകീർത്തിക്കുന്നു.

## (h) തിരശ്ശീല

യേശുക്രിസ്തുവിന്റെ, ക്രൂശിലെ തകർന്ന ശരീരത്തിന്റെ പ്രതിരൂപമാണ് ദേവാലയമറ. ഗോഗുൽത്താ കുരിശിൽ ബലിയർപ്പിക്കപ്പെട്ട, തകർന്നതായ ക്രിസ്തുവിന്റെ ആ ശരീരത്തെ ഈ മറ സൂചിപ്പിക്കുന്നു (ഹെബ്രാ. 10, 20). ദൈവസാന്നിദ്ധ്യത്തിലേക്ക് നമ്മൾ പ്രവേശിക്കുന്നത് യേശുവിന്റെ ശരീരമാകുന്ന മറയിലൂടെയാണ്.

ദൈവത്തിനും മനുഷ്യനും മദ്ധ്യേനിന്ന് (1തിമോ 2, 5) പൗരോഹിത്യമാദ്ധ്യസ്ഥം വഹിക്കുന്ന മിശിഹായെയാണ് ഈ മറ സൂചിപ്പിക്കുന്നത്, തിരശ്ശീല ദൈവവും മനുഷ്യനും തമ്മിലുള്ള രഹസ്യാത്മകബന്ധത്തെ സൂചിപ്പിക്കുന്നു. ക്രിസ്തു തന്റെ ശരീരത്തിൽ ദൈവികരഹസ്യത്തെ ഉള്ളടക്കം ചെയ്യുകയും വെളിപ്പെ

www.malankaralibrary.com



ടുത്തുകയും ചെയ്യുന്നു. അതിനാൽ തിരശ്ശീലയെ കാണേണ്ടത് വി. കുർബാനയുടെ രഹസ്യത്തെ ഉള്ളടക്കം ചെയ്യുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു എന്ന നിലയിലാണ്. അതുകൊണ്ട്, മറയിടുന്നതിലല്ല മറ നീക്കുന്നതിലാണ് നാം പ്രാധാന്യം കാണേണ്ടത്. ക്രിസ്തുവിന്റെ ശരീരം തകർന്ന് ദൈവികരഹസ്യം വെളിപ്പെട്ടപ്പോഠം ജറുസലേംദേവാലയത്തിലെ മറ രണ്ടായി കീറിയതുപോലെ (മത്താ 27, 51: മർക്കോ 15, 38; ലൂ 23, 45) നമ്മുടെ ആരാധനസമയത്ത് മദ്ബഹായെ മറയ്ക്കുന്ന മറ മാററുന്നുണ്ട്.

www.malankaralibrary.com

# V

## ആരാധനക്രമവത്സരം

രക്ഷാകരചരിത്രത്തെ ഓരോ കാലത്തും ഓരോ സ്ഥലത്തും ജീവിക്കുന്ന ദൈവജനത്തിന് അനുഭവ വേദ്യമാക്കത്തക്കവിധം അവതരിപ്പിക്കുന്ന അടയാളമാണ് ആരാധനാവത്സരം. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും" പ്രഖ്യാപിക്കാനാണ് യേശുക്രിസ്തു ഈ ലോകത്തിലേക്കു വന്നത് (ലൂ 4, 18-19). ദൈവത്തിന്റെ ആത്മാവു മുഖാന്തിരം ഏശയ്യാപ്രവാചകൻ പ്രഘോഷിച്ച കർത്താവിന്റെ കൃപാവത്സരമാണ് (ഏശ 61, 2) സഭയുടെ ആരാധനക്രമവർഷം. രക്ഷാകര ചരിത്രത്തിന്റെ കൂടുതൽ പൂർണ്ണമായ അനാവരണത്തിന് ആരാധനാക്രമവർഷചക്രം ഉപകരിക്കുന്നു.

മനുഷ്യരുടെ ഇടയിലേക്കിറങ്ങിവന്ന് അവരെ സ്വർഗ്ഗത്തിലേക്ക് കൂട്ടിക്കൊണ്ടുപോകാൻ (യോഹ. 14, 2-3) വേണ്ടതെല്ലാം ചെയ്ത സ്നേഹമൂർത്തിയായ ദൈവത്തിന്റെ പ്രവർത്തനത്തെയാണ് നാം ആരാധനാവർഷത്തിലൂടെ അനുസ്മരിക്കുന്നത്. "അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നല്കുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3,16) എന്നത് സഭയുടെ ആരാധനക്രമത്തിന്റെ കേന്ദ്രബിന്ദുവാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനക്രമവത്സരത്തെപ്പററി ഇപ്രകാരം പഠിപ്പിക്കുന്നു.

www.malankaralibrary.com



"ക്രിസ്തുവിന്റെ മനുഷ്യാവതാരവും ജനനവും തുടങ്ങി സ്വർഗ്ഗാരോഹണം, പെന്തിക്കുസ്താ, സ്വർഗ്ഗഭാഗ്യത്തെക്കുറിച്ചുള്ള നമ്മുടെ പ്രതീക്ഷ, കർത്താവിന്റെ ദ്വിതീയാഗമനം മുതലായ എല്ലാ സംഭവങ്ങളിലുമുള്ള അവിടുത്തെ ദിവ്യരഹസ്യങ്ങൾ മുഴുവൻ ഒരാണ്ടുവട്ടത്തിൽ തിരുസഭ വിശദീകരിക്കുന്നു. ഇപ്രകാരം രക്ഷണീയ രഹസ്യങ്ങൾ അനുസ്മരിച്ചുകൊണ്ട് തിരുസഭ തന്റെ നാഥന്റെ ശക്തിയുടെയും യോഗ്യതകളുടെയും അനർഘനിക്ഷേപങ്ങൾ വിശ്വാസികൾക്കു തുറന്നുകൊടുക്കുന്നു. അങ്ങനെ ഒരർത്ഥത്തിൽ ഇവയെല്ലാം എല്ലാ സമയത്തും അവതരിക്കപ്പെടുകയും വിശ്വാസികൾ ഈ രഹസ്യങ്ങൾ ഗ്രഹിച്ച് രക്ഷാകരമായ പ്രസാദവരത്താൽ പൂരിതരാവുകയും ചെയ്യുന്നു" (ആരാധനക്രമം No. 102). അതുകൊണ്ട്, മലങ്കര പാരമ്പര്യം അനുസരിച്ച് ആരാധനക്രമവർഷം സംവത്സരത്തിന്റെ മകുടവും പെരുന്നാളുകൾ അതിലെ രത്നങ്ങളുമാണ്.

### വത്സരചക്രം

ഒരു വർഷത്തെ വിവിധ കാലങ്ങളായി തിരിച്ച് ഓരോ കാലത്തും രക്ഷാകരചരിത്രത്തിലെ വിവിധ കാലഘട്ടങ്ങളെ അനുസ്മരിച്ച് ധ്യാനിക്കുവാനും ജീവിതത്തിൽ പകർത്തുവാനും ഉതകുന്ന തരത്തിലുള്ള അതിന്റെ സംവിധാനത്തെയാണ് ആരാധനാവത്സരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വത്സരചക്ര (yearly cycle) ത്തിന് ആരാധനക്രമത്തിൽ വലിയ പ്രാധാന്യമുണ്ട്. മനുഷ്യരക്ഷാചരിത്രവുമായി ബന്ധപ്പെട്ട പ്രധാന രഹസ്യങ്ങൾ വിശ്വാസികളെ അനുസ്മരിപ്പിക്കുവാൻ പര്യാപ്തമായ വിധമാണ് സഭാപഞ്ചാംഗം സുറിയാനിസഭാപിതാക്കന്മാർ ക്രമീകരിച്ചി

www.malankaralibrary.com



രിക്കുന്നത്. നമ്മുടെ കർത്താവിന്റെ ജീവിതത്തിലെ പ്രധാന സംഭവങ്ങൾ അനുസ്മരിപ്പിക്കുന്നതിനും, ആ ജീവിതമാതൃക അനുകരിച്ചുകൊണ്ട് നമ്മുടെ ക്രിസ്തീയജീവിതം നയിക്കുന്നതിനും വത്സരചക്രം സഹായിക്കുന്നു.

## ആരാധനവത്സരത്തിലെ ഏഴു കാലങ്ങൾ

"ജ്ഞാനം തന്റെ ഭവനം പണിയുകയും ഏഴു തൂണുകൾ നാട്ടുകയും ചെയ്തിരിക്കുന്നു" (സുഭാ 9,1) ഉല്പത്തി പുസ്തകം ഒന്നാം അദ്ധ്യായത്തിന്റെ അടിസ്ഥാനത്തിൽ ലോകവും കാലവും ഏഴായി തിരിച്ചിരിക്കുന്നു. ഏഴ് പൂർണ്ണതയുടെ പ്രതീകമാണ്. ആരാധനക്രമവത്സരവും ഏകദേശം ഏഴ് ആഴ്ചകൾ വീതമുള്ള ഏഴ് കാലങ്ങളായി വിഭജിച്ചിരിക്കുന്നു.

ആരാധനവത്സരം നമ്മുടെ കർത്താവിന്റെ ഉയിർപ്പുപെരുനാളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ആദിമസഭയിൽ ഉയിർപ്പ്, പെന്തിക്കൊസ്തി എന്നീ രണ്ടു പ്രധാന പെരുനാളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ പെരുനാളുകൾക്കിടയിലുള്ള കാലഘട്ടം വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവന്നായി നോക്കിപ്പാർക്കുന്ന ഒരു വിശുദ്ധകാലഘട്ടമായി പരിഗണിക്കപ്പെട്ടിരുന്നു.

മനുഷ്യർ സ്ഥലകാലങ്ങളാൽ ബന്ധിതരാകയാൽ നിത്യരക്ഷയുടെ എല്ലാ രഹസ്യങ്ങളിലേക്കും ഒരേ സമയം ശ്രദ്ധ തിരിക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് ഓരോ കാലയളവിലും ക്രിസ്തുവിന്റെ ജീവിതത്തിലെ സുപ്രധാനസംഭവങ്ങളിൽ ഓരോന്ന് പ്രത്യേക ധ്യാനത്തിനും അനുഭവത്തിനും വിഷയമാകുന്നു. ഒരു

www.malankaralibrary.com



സൗരവർഷത്തിനകം നമ്മുടെ കർത്താവ് 33 വർഷം കൊണ്ട് ചെയ്ത സകല പ്രവൃത്തികളും ക്രമമായി ആഘോഷിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ആരാധനവർഷക്രമീകരണം സാധാരണ കലണ്ടറിൽ നിന്നും വ്യത്യസ്തമാണ്.

## 1 സുബോറൊക്കാലം

മലങ്കരസഭയിൽ ആരാധനാവത്സരം ആരംഭിക്കുന്നത് കൂദോശ് ഈത്തോ ഞായറാഴ്ചയാണ്. ഒക്ടോബർ മാസം 30-ാം തീയതിയോ 31-ാം തീയതിയോ ഞായറാഴ്ച ആണെങ്കിൽ അന്നായിരിക്കും കൂദോശ് ഈത്തോ ഞായറാഴ്ച. അല്ലെങ്കിൽ നവംബർ മാസത്തിലെ ആദ്യഞായറാഴ്ച ആയിരിക്കും ആരാധനാവത്സരം ആരംഭിക്കുക. വിശുദ്ധിയുടെ ഉറവയാകുന്ന മണവാളനായ യേശുക്രിസ്തുവിനോടുള്ള സഭയുടെ വിവാഹനിശ്ചയമാണ് ആദ്യത്തെ ഞായറാഴ്ചയുടെ പ്രതിപാദ്യവിഷയം. ഈ സഭയ്ക്ക് ദിവ്യഅധികാരങ്ങളും (മത്താ. 16. 18-19) പൗരോഹിത്യവും പ്രത്യേകശിക്ഷണവും ബലിയും സത്യത്തിൽ അവളെ ഉറപ്പിക്കുവാനുള്ള പരിശുദ്ധാത്മാവിനെയും പ്രദാനം ചെയ്തു. ക്രിസ്തു തന്റെ മണവാട്ടിയായ സഭയ്ക്ക് ക്ഷയിച്ചുപോകാത്ത അനുഗ്രഹങ്ങളും മാഞ്ഞുപോകാത്ത മഹത്വങ്ങളും പ്രദാനം ചെയ്തു.

ആരാധനാവത്സരത്തിലെ രണ്ടാമത്തെ ഞായറാഴ്ച ഹൂദോസ് ഈത്തൊയാണ്. ഈ സുറിയാനിവാക്കിന്റെ അർത്ഥം സഭയുടെ നവീകരണമെന്നാണ്. കാളക്കുട്ടിയെ ആരാധിച്ചതിനാൽ (പുറ. 32, 1-6) വീണുപോയ യഹൂദരുടെ ഹൃദയപുതുക്കത്തെയും ബി. സി. 2-ാം

www.malankaralibrary.com



നൂററാണ്ടിൽ യൂദാ മക്കാബി പുതുക്കിയ ദേവാലയത്തിൻെറ (1 മക്ക 4, 36-61) പ്രതിഷ്ഠയെയും ഇത് അനുസ്മരിപ്പിക്കുന്നു. നാം മാമോദീസാവഴിയായി നീതീകരിക്കപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും വി. മൂറോൻ വഴി മുദ്രകുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ നമ്മുടെ ജീവിതത്തിൽ വിചാരത്തിലും പ്രവൃത്തിയിലും പററുന്നകറകളിൽനിന്ന് ദൈനംദിനം വെടിപ്പായിത്തീരുന്നതിനും നവീകരണം പ്രാപിക്കുന്നതിനും വളരുന്നതിനും നാം കടപ്പെട്ടിരിക്കുന്നു.

ഇങ്ങനെ രണ്ട് ആഴ്ചകൾ കൊണ്ട് ആരാധനാവത്സരം തുടങ്ങുന്നത് അന്ത്യോക്യൻ റീത്തിൻെറ ഒരു സവിശേഷതയാണ്. ദൈവത്തിൻെറ വാസസ്ഥലമായ സഭ വിശുദ്ധീകരിക്കപ്പെടുകയും പുതുക്കപ്പെടുകയും ചെയ്തിരിക്കുന്നു. രാജാവായ ക്രിസ്തുവിൻെറ ആഗമനത്തിനായി അവൾ ഒരുങ്ങണം. സുബോറൊക്കാലത്തെ ബാക്കിയുള്ള 5 ആഴ്ചകൾ രക്ഷകനെപ്പററിയുള്ള സന്ദേശങ്ങളാണ്. അറിയിപ്പിൻെറ കാലമെന്ന് പേരുവന്നത് അതുകൊണ്ടാണ്.

1, സഖറിയായോടുള്ള അറിയിപ്പ്

2. ദൈവമാതാവിനോടുള്ള വചനിപ്പ്

3. കന്യകമറിയം ഏലിശുബായെ സന്ദർശിച്ചത്

4. മാർ യോഹന്നാൻ സ്നാപകൻെറ ജനനം

5. മാർ യൗസേപ്പിനുണ്ടായ ദർശനം.

സുബോറൊക്കാലത്ത് ഇങ്ങനെ 7 ആഴ്ചകളുണ്ട്.

www.malankaralibrary.com



## II യൽദാ—ദനഹാക്കാലം

ക്രിസ്തുമസിന് ഒരാഴ്ച മുമ്പു മുതൽ വലിയ നോമ്പു തുടങ്ങുന്നതുവരെയുള്ള സമയമാണ് ആരാധനാവത്സരത്തിലെ രണ്ടാമത്തെ കാലം. ഉയിർപ്പുപെരുനാളിന്റെ തീയതി മാറിവരുന്നതനുസരിച്ച് ഇക്കാലത്തുള്ള ഞായറാഴ്ചകളുടെ എണ്ണം കൂടിയും കുറഞ്ഞും വരും. ഈ കാലത്തെ രണ്ടു പ്രധാനപ്പെട്ട പെരുനാളുകൾ ക്രിസ്തുമസും കർത്താവിന്റെ മാമോദീസായുമാണ്. രണ്ടും പ്രകാശത്തിന്റെ പെരുനാളുകളാണ്. 'പ്രകാശത്തിൽ നിന്നുള്ള പ്രകാശമായ' ക്രിസ്തുവിന്റെ ജനനവും പ്രത്യക്ഷീകരണവും. ക്രിസ്തുമസ് രാത്രിയിലെ തീ ഉഴലിച്ച ശുശ്രൂഷ ഇതു വ്യക്തമാക്കുന്നു.

ക്രിസ്തുമസിന്റെ അടുത്ത ദിവസം ദൈവമാതാവിന്റെ പുകഴ്ചയുടെ തിരുനാളും ദനഹാത്തിരുനാളിന്റെ അടുത്ത ദിവസം സ്നാപകയോഹന്നാന്റെ പുകഴ്ചയുമാണ്. അതിനടുത്ത ദിവസം ആദ്യത്തെ രക്തസാക്ഷിയായ മാർ സ്തേഫാനോസിന്റെ ഓർമ്മയാണ്. ഈ കാലത്തിന്റെ അന്ത്യത്തിലാണ് പരേതരായ വൈദികരെയും (കൊഹനെ ഞായർ) മരിച്ചുപോയ സകല വിശ്വാസികളെയും (ആനീദെ ഞായർ) ഓർക്കുന്നത്. മരിച്ചുപോയവരെക്കുറിച്ചും മരണത്തെക്കുറിച്ചുമുള്ള ചിന്തയോടെയാണ് നാം നോമ്പിൽ പ്രവേശിക്കുന്നത്. കൊഹനെ ഞായറിനുമുമ്പുള്ള ആഴ്ചയിലാണ് മൂന്നുനോമ്പ്. അനുതാപത്തിലേക്കുള്ള ശ്രദ്ധ ക്ഷണിക്കലാണിത്. നിനുവാനഗരത്തിൽ യോനാപ്രവാചകൻ ചെയ്തഅനുതാപപ്രസംഗവും അതേതുടർന്ന് അവിടുത്തെ ജനങ്ങൾ അനുഷ്ഠിച്ച കഠിനതപസ്സുമാണ് മൂന്നുനോമ്പിന്റെ പ്രധാന ചിന്താവിഷയം.

www.malankaralibrary.com



## III നോമ്പുകാലം

നമ്മുടെ കർത്താവിന്റെ മഹത്വകരമായ ഉയിർപ്പു പെരുനാളിന് ഒരുക്കമായുള്ള തപസ്സുകാലമാണിത്; ഏററവും അനുഗ്രഹീതമായ അവസരം. കൊത്തിനെ ഞായറാഴ്ച മുതൽ ദുഃഖശനിയാഴ്ചവരെയുള്ള ഏഴ് ആഴ്ചക്കാലമാണ് നോമ്പുകാലം. കർത്താവിന്റെ 40 ദിവസത്തെ ഉപവാസവും പരസ്യജീവിതവുമാണ് നോമ്പുകാലത്തെ ധ്യാനവിഷയങ്ങഠം. നാല്പതാം വെള്ളിയാഴ്ച നോമ്പ്അവസാനിക്കുന്നു. നോമ്പിലെ ആറ് ഞായറാഴ്ചകളിൽ കർത്താവിന്റെ പരസ്യജീവിതകാലത്ത് ദൈവത്വത്തെ വെളിപ്പെടുത്തിയ അത്ഭുതങ്ങളെ അനുസ്മരിക്കുന്നു. നാലാമത്തെ ബുധനാഴ്ച പകുതിനോമ്പാണ്. അന്ന് ദേവാലയമദ്ധ്യത്തിൽ ഗോഗുൽത്താ സ്ഥാപിക്കപ്പെടുന്നു. നാല്പതാം വെള്ളിയാഴ്ചയുടെ അടുത്തദിവസം ലാസറിനെ ഉയിർപ്പിച്ച ശനിയാഴ്ചയാണ്. പിറേറദിവസം കർത്താവ് കഷ്ടാനുഭവത്തിനായി ജറുസലേമിൽ ആഘോഷപൂർവ്വം പ്രവേശിച്ച ഓശാന ഞായറാഴ്ചയാണ്. കഷ്ടാനുഭവആഴ്ചയിലെ വ്യാഴാഴ്ച കർത്താവ് വി. കുർബാന സ്ഥാപിച്ചതിന്റെ ഓർമ്മയും വെള്ളിയാഴ്ച പീഡാസഹനത്തിന്റെയും കുരിശുമരണത്തിന്റെയും ഓർമ്മയും സഭ ആചരിക്കുന്നു. പാതാളത്തിൽ മരിച്ചവരുടെയിടയിൽ കർത്താവ് സുവിശേഷം അറിയിച്ചതിന്റെ അനുസ്മരണയാണ് ദുഃഖശനിയാഴ്ച. നോമ്പിലെ ഒന്നാമത്തെ ശനിയാഴ്ച സുറിയാനിസഭാപിതാവായ മാർ അപ്രേമിന്റെ ഓർമ്മദിവസമാണ്. കന്യകമറിയത്തോടുള്ള വചനിപ്പുപെരുനാഠം മാർച്ച് 25-ാം തീയതിയാണ്, ദുഃഖവെള്ളിയാഴ്ച ആണെങ്കിൽ

www.malankaralibrary.com



പോലും ആ പെരുന്നാൾ വി. കുർബാനയോടുകൂടി ആഘോഷിക്കും.

## IV ക്യംതാക്കാലം

ഉയിർപ്പുഞായറാഴ്ച മുതൽ പെന്തിക്കുസ്തി വരെയുള്ള ഏഴ് ആഴ്ചകളിൽ ഉയിർപ്പിൻെറ മഹിമയെപ്പററി ചിന്തിക്കുന്നു. കർത്താവിൻെറ ഉയിർപ്പുമൂലമുണ്ടായ പുതിയജീവനിലേക്ക് സഭ പ്രവേശിക്കുന്ന കാലമാണ് ഉയിർപ്പുകാലം. ഉയിർപ്പുദിനത്തോടനുബന്ധിച്ച് മാമോദീസാ സ്വീകരിച്ചവർ ആ ആഴ്ച മുഴുവൻ വെള്ളവസ്ത്രം ധരിച്ചാണ് നടന്നിരുന്നത്. അതുകൊണ്ടാണ് ആ ആഴ്ചയെ ഹേവോറെ (വെള്ള) ആഴ്ചയെന്നു വിളിക്കുന്നത്. അടുത്ത ഞായറാഴ്ച പുതുഞായറാഴ്ചയാണ്. ഉയിർപ്പുകഴിഞ്ഞ് 40-ാം ദിവസം കർത്താവിൻെറ സ്വർഗ്ഗാരോഹണപ്പെരുന്നാളാണ്.

## V പെന്തിക്കൊസ്തിക്കാലം (ശ്ലീഹാക്കാലം)

പെന്തിക്കൊസ്തി മുതൽ ആഗസ്ററ് 5-ാം തീയതിവരെയുള്ള കാലമാണ് പെന്തിക്കൊസ്തിക്കാലം. പരിശുദ്ധാത്മാവിൻെറ ആഗമനം, സഭയുടെ ഉത്ഭവം, ശ്ലീഹന്മാരുടെ സുവിശേഷപ്രവർത്തനം എന്നിവ ഈ കാലത്ത് അനുസ്മരിക്കപ്പെടുന്നു. പരിശുദ്ധാത്മാവ് നിരന്തരം സഭയിൽ വസിച്ചു നമ്മെ വിശുദ്ധീകരിക്കുന്നുവെന്ന സത്യം ഈ കാലം ഓർമ്മിപ്പിക്കുന്നു. ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തെ അനുസ്മരിക്കുന്നതുകൊണ്ടും ശ്ലീഹാനോമ്പ് (ജൂൺ 16 മുതൽ 29 വരെ) പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ (ജൂൺ 29) മാർത്തോമ്മാശ്ലീഹായുടെ ദുക്റാന (ജൂലൈ 3) തുടങ്ങിയ പെരുനാളുകൾ ഈ കാലയളവിൽ വരുന്നതുകൊണ്ടും ശ്ലീഹാക്കാലമെന്നും ഇതിനു പേരുണ്ട്.

www.malankaralibrary.com



## VI തേജസ്കരണകാലം

കർത്താവു മലയിൽ രൂപാന്തരപ്പെട്ടതിൻെറ ഓർമ്മയായ തേജസ്ക്കരണപ്പെരുനാൾ (ആഗസ്റ്റ് 6) മുതൽ സെപ്റ്റംബർ 13-ാം തീയതി വരെയാണ് ഈ കാലഘട്ടം. സുവിശേഷം നാനാഭാഗങ്ങളിലും പ്രചരിച്ച് സഭ വളർച്ച പ്രാപിച്ചതിനെ ഈ കാലം സൂചിപ്പിക്കുന്നു, ദനഹാപ്പെരുനാൾ പ്രകാശത്തിൻെറ പെരുനാളാണ്. അതുപോലെ കർത്താവ് മലയിൽ രൂപാന്തരപ്പെട്ടതിരുനാൾ ഉജ്ജ്വലമായ പ്രകാശത്തിൻെറ പെരുനാളാണ്. തേജസ്ക്കരണം കർത്താവിൻെറ മഹത്വത്തിൻെറ മുന്നനുഭവമാണ്. ഇവിടെ പഴയനിയമവും പുതിയനിയമവും വേർപെടുത്താൻ സാധിക്കാത്തതാണെന്ന്, ജീവിച്ചിരുന്നവരും മരിച്ചവരും ക്രിസ്തുവിൽ ഒന്നാണെന്ന്, കുരിശും മഹത്വവും ഒന്നാണെന്ന് നാം മനസ്സിലാക്കുന്നു. പരിശുദ്ധാത്മാവിൽ വിശുദ്ധീകരിക്കപ്പെട്ട വിശ്വാസികൾ മഹത്വീകരണത്തിലേക്ക് പടിപടിയായി പ്രവേശിക്കുന്നതിൻെറ പ്രതീകമാണ് തേജസ്ക്കരണകാലം (2 കോറി 3, 6-18). അങ്ങനെ മഹത്വീകരണം പ്രാപിച്ച് നമുക്കു മാതൃകയായിത്തീർന്ന ദൈവമാതാവിൻെറ സ്വർഗ്ഗാരോപണത്തിരുനാളാണ് ആഗസ്റ്റ് 15-ാം തീയതി. മാതാവിൻെറ ജനനത്തിരുനാളും (സെപ്റ്റംബർ 8-ാം തീയതി) ഇക്കാലത്താണ്.

## VII സ്ലീബാക്കാലം

സ്ലീബാപ്പെരുനാൾ (സെപ്റ്റംബർ 14) മുതൽ കൂദോശ് ഈത്തോവരെയുള്ള ഏഴാഴ്ചക്കാലമാണ് വത്സരവൃത്തത്തിലെ അവസാനഘട്ടം. കുരിശിൻെറ പെരുനാൾ ഭാവിസൂചകമായ ഒരാഘോഷമാണ്. കാലാന്ത്യത്തിൻെറ ദിവ്യമായ അടയാളമാണ് കുരിശ് (മത്താ 24, 30).

ലോകാവസാനം, മരിച്ചവരുടെ ഉയിർപ്പ്, പൊതുവിധി, നമ്മുടെ കർത്താവിൻെറ മഹത്വപൂർണ്ണമായ വരവ്, സ്വർഗ്ഗീയജറുസലേമിൻെറ ആവിർഭാവം ഇവയെല്ലാം അനുസ്മരിക്കുന്ന കാലമാണ് സ്ലീബാക്കാലം.

www.malankaralibrary.com



ഹെലനരാജ്ഞി നമ്മുടെ കർത്താവിൻെറ കുരിശു കണ്ടെത്തി അത് ജറുസലേമിൽ ഒരു ദേവാലയത്തിൽ പ്രതിഷ്ഠിച്ചതിൻെറ ഓർമ്മയാണ് സെപ്റ്റംബർ 14-ാം തീയതി സാർവത്രികമായി ആഘോഷിക്കുന്നത്. കുരിശിലാണ് ക്രിസ്ത്യാനികളുടെ ആത്യന്തികവിജയം. കുരിശിന്മേൽ ആദ്യം പ്രകടമായ ബലഹീനത, ദൈവികശക്തിയുടെയും ദൈവികസ്നേഹത്തിൻെറയും സ്വയനിയന്ത്രണമായിരുന്നു (2 കോരി. 13, 4). തിന്മയുടെ ശക്തിയിന്മേലുണ്ടായ ദൈവികവിജയമാണ് ക്രിസ്തുവിൻെറ കുരിശ് (കൊളോ 2, 14-15).

## ചോദ്യങ്ങൾ

1 രക്ഷാകരചരിത്രവും ആരാധനക്രമവും തമ്മിലുള്ള ബന്ധമെന്ത് ?

2 ബലഹീനനായ മനുഷ്യൻ പരമപിതാവിന് ആരാധന അർപ്പിക്കുന്നതെങ്ങനെ ?

3 കൗദാശികമായ പുനരവതരണമെന്നാലെന്ത് ?

4 ആരാധനക്രമം (ലൈത്തോർഗിയാ) എന്നാലെന്ത്?

5 വിവിധ റീത്തുകൾ രൂപികൃതമായതെങ്ങനെ ?

6 അന്ത്യോക്യൻ റീത്തിൻെറ സവിശേഷതകൾ എന്തെല്ലാം ?

7 അന്ത്യോക്യൻറീത്ത് കേരളത്തിൽ എത്തിച്ചേർന്നതെങ്ങനെ ?

8 പ്രതീകങ്ങളെന്നാലെന്ത് ? ആരാധനയിലെ വിവിധ പ്രതീകങ്ങൾ ഏവയെന്നെഴുതുക ?

9 ആരാധനക്രമവത്സരമെന്നാലെന്ത് ? ആരാധനവത്സരത്തിലെ ഓരോ കാലങ്ങളെക്കുറിച്ചെഴുതുക?

**ഖണ്ഡിക എഴുതുക.**

a) അന്ത്യോക്യൻ റീത്ത് b) പാശ്ചാത്യപൗരസ്ത്യ റീത്തുകൾ c) മാർ യാക്കോബിൻെറ അനാഫൊറാ d) അടയാളങ്ങളും പ്രതീകങ്ങളും e) വൈവിധ്യത്തിലെ ഏകത്വം.

www.malankaralibrary.com

# സുറിയാനി പദങ്ങളുടെ അർത്ഥം

മലങ്കര ആരാധനക്രമത്തിൽ പല സുറിയാനി പദങ്ങളും ഉപയോഗിക്കാറുണ്ടല്ലോ, അവയുടെ അർത്ഥം അറിഞ്ഞിരിക്കേണ്ടത് ആവശ്യമാകയാൽ ഇതോടൊപ്പം ചേർക്കുന്നു.

ആലോഹോ = ദൈവം
ആമ്മീൻ = അപ്രകാരം തന്നെ
ബാറെക്മോർ = നാഥാ / ഗുരുവേ, അനുഗ്രഹിച്ചാലും / അനുവാദം തന്നാലും
സ്തൗമെൻകാലൊസ് = നമുക്കു നന്നായി നില്ക്കാം
കുറിയേലായിസ്സോൻ = കർത്താവേ ഞങ്ങളിൽ കരുണയുണ്ടാകണമേ.
മൊറിയോ = കർത്താവ്
മോറാൻ = ഞങ്ങളുടെ കർത്താവ് / നാഥൻ
ശ്ലോമ്മോ = സമാധാനം
മൊറിയോറാഹേം അലൈൻ ഉ ആദാറൈൻ = കർത്താവേ കരുണതോന്നി ഞങ്ങളെ സഹായിക്കണമേ
സ്ലീബാ = കുരിശ്
ഏവൻഗേലിയോൻ = സുവിശേഷം, സദ്വാർത്ത
റൂഹാ = ആത്മാവ് / പരിശുദ്ധാത്മാവ്
പാറക്കലീത്താ = ശക്തിനൽകുന്നവൻ / പരിശുദ്ധാത്മാവു്
കാദീശ്, (കാദീശോ) = പരിശുദ്ധി / വിശുദ്ധി
നിബിയ = പ്രവാചകൻ
ശ്ലീഹാ = അപ്പസ്തോലൻ / (ദൈവത്താൽ) അയക്കപ്പെട്ടവൻ
സഹദാ = രക്തസാക്ഷി
മല്പാൻ = ഗുരു

www.malankaralibrary.com



| | | |
|---|---|---|
| കൊഹനൊ (കഹനാ) | = | വിശുദ്ധകർമ്മംഅനുഷ്ഠിക്കുന്നവൻ / വൈദികൻ |
| കശ്ശീശാ | = | ശ്രേഷ്ഠൻ, (പുരോഹിതൻ) |
| ശെമ്മാശൻ | = | ശുശ്രൂഷകൻ, സഹായി |
| ദയറാ | = | സന്യാസാശ്രമം |
| ദയറായക്കാർ | = | സന്യാസം സ്വീകരിച്ചിരിക്കുന്നവർ |
| മാലാഖ | = | (ദൈവ) ദൂതൻ |
| ഈറേ മാലാഖ | = | ജാഗരൂകതയോടെ പ്രവർത്തിക്കുന്ന മാലാഖ |

www.malankaralibrary.com

MALANKARA
LIBRARY